SRI MAHA BHARATHAM

BHISHMA PARVAM.

With Introduction and Notes.

PUBLISHERS,

M. S. Book Depot, Kottayam.

Travancore.

1937

ശ്രീമഹാഭാരതം.

ഭീഷ്മപർവ്വം.

അവതാരികയോടു കൂടിയതു്.

DHARMARAM COLLEGE LIBRARY, BANGALORE. 4216

1937

M. S. PRESS, KOTTAYAM.

അവതാരിക.

എഴുത്തച്ഛൻ.

ലോകോത്തരന്മാരായ മഹാന്മാരുടെ പഞ്ചഭൂതനിർമ്മിതമായ മാംസശരീരം കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്ത് അനേക നൂററാണ്ടുകൾ കഴിഞ്ഞാലും അവരുടെ യശഃശരീരം അക്ഷയഭാസ്സോടുകൂടി ലോകത്തിൽ സജീവമായിത്തന്നെ സ്ഥിതിചെയ്യും. "ആധുനിക മലയാളഭാഷയുടെ ജനയിതാവ്" എന്നുള്ള സംപൂജ്യമായ സ്ഥാനത്തിനു സർവ്വഥാ യോഗ്യനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ സാഹിതീഭക്തന്മാരായ സകല കേരളീയരുടെയും ഹൃദയങ്ങളിൽ സമാരാദ്ധ്യനായി സംപൂജിക്കപ്പെടുന്നു. അദ്ദേഹത്തിൻെറ കവനകലാചാതുരിയിൽ ആഹ്ളാദഭരിതരാകാത്ത സഹൃദയന്മാർ കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. നിരർഗ്ഗളമായി പ്രവഹിക്കുന്ന ആ മഹാകവിയുടെ കവിതാനിർഝരി ഏതൊരു സഹൃദയഹൃദയത്തെയാണു ഹഠാദാകർഷിക്കാത്തത്? അനുഗൃഹീതമായ പാണ്ഡിത്യവും തികഞ്ഞ കവിതാവാസനയും ലോകോത്തരങ്ങളായ ആദർശങ്ങളും, സർവ്വോപരി ആസ്തിക്യബുദ്ധിയും സർവ്വത്ര പരിലസിക്കുന്ന ആ കവികോകിലത്തിൻെറ മധുരഗാനം കൈരളീഭക്തരായ സകലരുടെയും ഹൃദയങ്ങളിൽ മാറെറാലികൊള്ളുന്നില്ലേ? "ദ്രഷ്ടാര ഏവ കവയഃ ദ്രഷ്ടാണ്യേവ കാവ്യാനി" എന്ന മഹദ്വചനപ്രകാരം ലോകോപകാരികളായി ഭവിച്ചിട്ടുള്ള യഥാർത്ഥ കവിശ്രേഷ്ഠന്മാർ ഏതു ദേശത്തും ഏതുകാലത്തും ഒന്നു രണ്ടിലധികം ഉണ്ടായി

ട്ടില്ല. ഇങ്ങനെയുള്ളവരിൽ ഒരാളായ ഈ മഹാത്മാവിന്റെ ജീവചരിത്രം മുക്കാലും അന്ധകാരാവൃതമായിക്കിടക്കുന്നതു കേരളീയരുടെ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളൂ.

ജന്മദേശം. എഴുത്തച്ഛന്റെ ജന്മദേശം ബ്രിട്ടീഷുമലബാറിൽ ചേന്ന പൊന്നാനിത്താലൂക്കിൽ വെട്ടത്തുനാട്ടദേശത്ത് വെട്ടത്തു പുതിയങ്ങാടിക്കടുത്തുള്ള തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന്ന പടിഞ്ഞാറ് തിരൂർ തീവണ്ടിസ്റ്റേഷ്യന്ന അല്പം തെക്കമാറി കിടക്കുന്ന തുഞ്ചൻ പറമ്പാണെന്ന മിക്ക പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ട്.

കാലം. ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ തെളിവുകൾകൊണ്ടാണ് ആധുനികപണ്ഡിതന്മാർ പൗരാണിക കവികളുടെ കാലനിണ്ണയം ചെയ്യുകാണുന്നത്. എഴുത്തഛന്റെ ജീവിതകാലത്തേക്കുറിച്ചു വിവാദരഹിതമായ ഒരറിവും ഇന്നേവരെ അവക്കു ലഭിച്ചിട്ടില്ല. ഡാക്ടർ ഗുണ്ടർട്ട്, മി. ബർണൽ, മി. ഗോലൻ മുതലായ പാശ്ചാത്യപണ്ഡിതന്മാർ കൊല്ലം 775 മുതൽ 875 വരെയുള്ള കാലഘട്ടത്തിലാണു എഴുത്തഛൻ ജീവിച്ചിരുന്നതെന്ന് അഭിപ്രായപ്പെട്ടു കാണുന്നു. കൊല്ലം 700-നും 800-നും ഇടയ്ക്കു ജീവിച്ചിരുന്ന ആളാണു എഴുത്തച്ഛൻ എന്നു ഭാഷാചരിത്രകത്താവായ ഗോവിന്ദപ്പിള്ള യുക്തിയുക്തമായി സ്ഥാപിക്കുന്നു. കേരള കൗമുദീകത്താവായ കോവുണ്ണി നെടുങ്ങാടി കൊല്ലം ആറാം ശതകത്തിൽ എഴുത്തച്ഛൻ ജീവിച്ചിരുന്നു എന്നാണു പറയുന്നതു്. സാഹിത്യചരിത്ര കത്താവായ നാരായണപ്പണിക്കരുടെയും സാഹിത്യപഞ്ചാനനനായ പി. കെ. യുടെയും അഭിപ്രായങ്ങൾ ഇതിൽനിന്നു ഭിന്നങ്ങളാണു്.

<u>ജീവചരിത്രം.</u> എഴുത്താഛൻെറ ജീവചരിത്രം കേവലം ഐതിഹ്യമാത്രപരമാണ്. അദ്ദേഹത്തിൻെറ പിതാവു നീലകണ്ഠൻ എന്നു പേരായ ഒരു നമ്പൂരി ആയിരുന്നു എന്നും ആ നമ്പൂരിതന്നെയായിരുന്നു അദ്ദേഹത്തിൻെറ ഗുരുവെന്നും ചിലർ അഭിപ്രായപ്പെടുന്നു.

"അൻപേണമെൻ മനസി ശ്രീ നീലകണ്ഠഗുരു"എന്നുള്ള ഹരിനാമകീൎത്തനത്തിലെ പദ്യമാണ് ഈ അഭിപ്രായത്തിനു ഉപോൽബലകമായി കൊണ്ടുവരുന്ന തെളിവ്. എഴുത്താഛൻെറ പിതാവു ഒരു നമ്പൂരിയായിരുന്നു എന്നുള്ള കാൎയ്യം മിക്ക സാഹിത്യകാരന്മാരും സമ്മതിക്കുന്നുണ്ട്. ഇദ്ദേഹത്തിൻെറ നാമധേയം എന്താണെന്നുള്ളതു് അഹങ്കാരരഹിതനും ആത്മപ്രശംസാവിമുഖനുമായിരുന്ന അദ്ദേഹത്തിൻെറ കൃതികളിൽനിന്നു അറിയാൻ നിവ്വാഹമില്ല. രാമായണത്തിലെ:—

"അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്ത വാസികളോടും"

എന്ന വരികളിൽനിന്നു അദ്ദേഹത്തിൻെറ ജ്യേഷ്ഠനും ഗുരുവുമായി രാമൻ എന്നൊരു ആചാൎയ്യൻ ഉണ്ടായിരുന്നൊന്നും, അദ്ദേഹത്തിൻെറ അനുജൻ എന്ന അൎത്ഥത്തിൽ "രാമാനുജൻ" എന്ന പേർ സ്വീകരിച്ചതാണെന്നും, അതല്ല സുപ്രസിദ്ധ വൈഷ്ണവാചാൎയ്യനായ രാമാനുജഗുരുവിൻെറ നാമധേയം അദ്ദേഹത്തോടുള്ള സ്നേഹബഹുമാനസൂചകമായി സ്വീകരിച്ചതാണെന്നും, ഇതൊന്നുമല്ല; വൈഷ്ണവ കഥാപ്രസംഗത്തിനു ഒരുങ്ങിയ ഇദ്ദേഹത്തെ അസൂയാലുക്കളായ ചിലർ രാമാനുജൻ എന്നു ആക്ഷേപസൂചകമായി വിളിച്ചെന്നും കാലാന്തരത്തിൽ ഈ പേരു സുദൃഢവും ബഹുമാന്യവുമായിത്തീൎന്നു എന്നും പല അഭിപ്രായങ്ങൾ ഉണ്ട്.

എഴുത്തച്ഛനു ബാല്യത്തിൽത്തന്നെ കാലോചിതമായ സംസ്കൃത വിദ്യാഭ്യാസം ലഭിച്ചിരുന്നു എന്നുള്ളതു് നിശ്ചയമാണു്. ഒരിക്കൽ മാതാവൊന്നിച്ചു തിരുനാവാ ക്ഷേത്രത്തിൽ പോയ ബാലൻ നമ്പൂരിമാരുടെ വേദപാരായണത്തിലുള്ള സ്ഖാലിത്യങ്ങളെ ചൂണ്ടിക്കാണിച്ചു എന്നും, അസൂയാലുക്കളായ നമ്പൂരിമാർ ദുർമ്മന്ത്രം ജപിച്ചുകൊടുത്തു ബാലനെ മൂകനാക്കിത്തീർത്തെന്നും, തൽപരിഹാരാർത്ഥം മദ്യം സേവിക്കാൻ പിതാവായ നമ്പൂരി വിധിച്ചെന്നും, അന്നു മുതൽ ബാലൻ വിദ്വാനും പ്രസന്നനുമായിത്തീർന്നു എന്നും ഒരു ഐതിഹ്യമുണ്ടു്. പക്ഷെ ഇതിനു വിശ്വാസയോഗ്യമായ തെളിവുകൾ ഒന്നുമില്ല.

വിദ്യാഭ്യാസാനന്തരം എഴുത്തച്ഛൻ ഒരു കളരികെട്ടി കുട്ടികളെ പഠിപ്പിച്ചുവന്നു. ഈ കാലത്തു മലയാള ഭാഷയുടെ ശോചനീയമായ നില അദ്ദേഹത്തിനു ബോദ്ധ്യമായതിനാൽ മലയാളത്തോടു ബന്ധമുള്ള തമിഴ്, തെലുങ്ക്, കർണ്ണാടകം മുതലായ ഇതര ദ്രാവിഡ ഭാഷകളിൽ പരിചയം സമ്പാദിച്ച് ഭാഷാപരിഷ്ക്കരണം ചെയ്യേണ്ടതാവശ്യമാണെന്നു നിശ്ചയിച്ച് അദ്ദേഹം ഒരു ദേശസഞ്ചാരം ചെയ്തു. വിദേശസഞ്ചാരത്തിനിടയിൽ പല ദ്രാവിഡ കവികളുമായി പരിചയം സമ്പാദിക്കുന്നതിനും ഗ്രന്ഥങ്ങൾ വായിക്കുന്നതിനും സൗകര്യം കിട്ടിയതിനോടുകൂടി ദ്രാവിഡ വംശത്തിൽ പെട്ട കേരളീയൎക്കു ദ്രാവിഡ രീതിയിലുള്ള കവിതയാണു് അധികം രുചിക്കുന്നതെന്നു അദ്ദേഹം മനസ്സിലാക്കിയിട്ടാണു് അദ്ദേഹത്തിൻെറ കൃതികൾ മിക്കതും ദ്രാവിഡ വൃത്തത്തിൽ തന്നെ എഴുതിയിട്ടുള്ളതെന്നു വിചാരിക്കാം.

കാഴ്ചയിൽ സ്ഥൂലശരീരനായിരുന്ന എഴുത്തച്ഛൻ നിത്യബ്രഹ്മചാരിയായിരുന്നു എന്നു പറഞ്ഞു വരുന്നു.

അദ്ധ്യാത്മചിന്താനിരതനായിരുന്ന ഇദ്ദേഹം പ്രാപഞ്ചിക സുഖങ്ങളിൽ വിരക്തനായിരുന്നു എന്നു പറയുന്നതിൽ ന്യായം ഇല്ലാതില്ല. അദ്ദേഹത്തിൻെറ അന്ത്യഘട്ടം സ്വഗൃഹത്തിൽതന്നെ കഴിച്ചുകൂട്ടിയെന്നു ചിലരും അതല്ല; ബ്രിട്ടീഷ് കൊച്ചിയിൽ ചിററൂർ ശോകനാശിനിപ്പുഴയുടെ തീരത്തുള്ള ഗുരുമഠത്തിലാണെന്നു ചിലരും അഭിപ്രായപ്പെടുന്നു. എഴുത്തഛൻെറ യോഗദണ്ഡും മെതിയടിയും ചിററൂർ ഗുരുമഠത്തിൽ ഇന്നും ഉണ്ടത്രെ.

കൃതികൾ. ഹരിനാമകീർത്തനം, ഇരുപത്തിനാലുവൃത്തം അദ്ധ്യാത്മരാമായണം, മഹാഭാരതം, ചിന്താരത്നം, കൈവല്യനവനീതം ഇവ എഴുത്തഛൻെറ കൃതികളാണെന്ന് സകലരും ഒരുപോലെ സമ്മതിക്കുന്നു.

ദേവീമാഹാത്മ്യം ഭാഗവതം, ശിവപുരാണം, ഈ കൃതികൾ എഴുത്തച്ഛൻേറതാണെന്നു ചിലർ പറയുന്നുണ്ട്. എന്നാൽ അതിനെപ്പററി പണ്ഡിതന്മാരുടെയിടയിൽ പലവിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളുമുണ്ട്.

സ്വഭാവം.

ഈശ്വരഭക്തിയാണ് എഴുത്തഛൻെറ സ്വഭാവത്തിൽ പ്രാധാന്യത്തെ വഹിക്കുന്നത്. ഭഗവാനോടുള്ള അദ്ദേഹത്തിൻെറ പ്രേമത്തിനു കവിതയിൽ ഉദാഹരണങ്ങൾ സുലഭങ്ങളാണ്. സ്വാർത്ഥത്യാഗവും സ്ഥിരപ്രയത്നവും അദ്ദേഹത്തിനുള്ള മററു രണ്ടു സ്വഭാവവിശേഷങ്ങളായിരുന്നു. എഴുത്തഛൻെറ ഈ ഉൽകൃഷ്ടഗുണങ്ങൾ നിമിത്തമാണു മലയാളഭാഷയ്ക്ക് ഇന്നു കാണുന്ന ഉൽഗതിയുണ്ടായതെന്നു പറഞ്ഞാൽ അതു് ഒട്ടും അതിശയോക്തിയാകയില്ല. അദ്ദേഹത്തിൻെറ പ്രശംസനീയമായ സ്വദേശാഭിമാനവും സ്വഭാഷാഭിമാനവും നിമിത്തമാണ് അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിട

ന്ന നാട്ടുകാരുടെ ഹൃദയങ്ങളിൽ ജ്ഞാനപ്രദീപം കൊളു ത്തിസന്മാൎഗ്ഗത്തിൽ ചരിപ്പിക്കുന്നതിനും നിരാശ്രയരായി ദാരിദ്ര്യസ്ഥിതിയിൽ വൎത്തിച്ചിരുന്ന കേരളഭാഷയെ പ രിഷ്കരിച്ച് മററു ദ്രാവിഡഭാഷകളോടൊപ്പം ഉന്നതമാ യ ഒരു സ്ഥാനം അതിനു സമ്പാദിച്ചുകൊടുക്കുന്നതിനും, സാധിച്ചതു്. തന്നെയല്ല എഴുത്തഛൻെറ അനന്യസാ ധാരണമായ സ്വാശ്രയശീലം ആരാലും സ്തുതിക്കപ്പെടേ ണ്ടതുതന്നെ.

എഴുത്തഛൻ ഭാഷാസാഹിത്യത്തിനു ചെയ്തിട്ടുള്ള ഗ്ര ന്ഥങ്ങൾ.

കൊല്ലവൎഷം 500-ാമാണ്ടുവരെ കേവലം ബാല്യ ദശയിൽ കഴിഞ്ഞുകൂടിയിരുന്ന മലയാളഭാഷ തദനന്തരം സംസ്കൃതഭാഷയുമായി ബന്ധം സമ്പാദിച്ചു കൗമാരദശ യിലേക്കു കടന്നു. ആ കാലത്തു് ആൎയ്യഭാഷയായ സം സ്കൃതം പഠിച്ചു് അതിലുള്ള സുവിപുലമായ സാഹിത്യ ത്തിൻെറ രസം ആസ്വദിച്ചിട്ടുള്ളവരും സാക്ഷാൽ സ ഹൃദയന്മാരുമായവർ ഗീൎവ്വാണഭാഷയിലും, ദ്രാവിഡ രീതിയിലുള്ള വിദ്യ അഭ്യസിച്ചു വിദ്വാന്മാരായിട്ടുള്ള വർ ദ്രാവിഡരീതിയിലുമുള്ള കൃതികൾ നിൎമ്മിച്ചുവ‌ന്നു. എന്നാൽ കുറച്ചുകാലംകൊണ്ടു് ഈ രണ്ടു കവിതാ മാൎഗ്ഗങ്ങളും ഒന്നിച്ചുചേൎന്നു മണിപ്രവാളം എന്നൊരു നൂതന കവിതാപ്രസ്ഥാനവും നടപ്പിലായി. സംസ്കൃ തഭാഷാഭിജ്ഞന്മാരുടെ മണിപ്രവാള കവിതയിൽ ദ്രാവി ഡപദങ്ങൾ വിരളങ്ങളായും ഇതരവൎഗ്ഗക്കാരുടെ കൃതിയി ൽ സംസ്കൃത പദങ്ങൾ കുറവായിട്ടും ഇരുന്നു.

സൎവ്വത്ര സമാദരണീയവും സൎവ്വജനാമോദദായകവു മായ ഒരു കവിതാപ്രസ്ഥാനം അന്നുണ്ടായിരുന്നില്ല. രാ മചരിതംപോലെ ശുദ്ധദ്രാവിഡരീതിയും, നാരായണീ

യംപോലെ ശുദ്ധഗീൎവ്വാണരീതിയും ഉണ്ണുനീലി സന്ദേശംപോലെ മണിപ്രവാളരീതിയും അന്നു നടപ്പായിരുന്നു. ഇവയിൽ മണിപ്രവാളരീതി സ്വാതന്ത്ര്യച്ഛമൂലം പല വികൃതസന്താനങ്ങൾക്കു കാരണഭൂതമായി. "മാടന്പീനാമവിടെവന്പതാം" "പാലവും പിന്നിടേഥാ" എന്നും മററും ഉണ്ണുനീലിസന്ദേശം തുടങ്ങിയുള്ള പ്രൗഢഗ്രന്ഥങ്ങളിലും കാണത്തക്കവണ്ണം അന്നത്തെ സാഹിതിക്കു വന്നുകൂടിയ വൈഷമ്യങ്ങളേയും ദുസ്സന്താനങ്ങളേയും ഓടിച്ചു സൎവ്വദാ സൎവ്വൎക്കും സമാദരണീയമായ ഒരു കവിതാപ്രസ്ഥാനം നടപ്പിൽ വരുത്തുന്നതിനാണു് എഴുത്തച്ഛൻ തുനിഞ്ഞതു്.

ഒന്നാമതായി തമിഴിന്റെ ദാസ്യവൃത്തിയിൽ നിന്നും ഭാഷയെ മോചിപ്പിച്ചു് വട്ടെഴുത്തു് കോലെഴുത്തു് എന്ന പേരിൽ തമിഴിൽനിന്നു കടംവാങ്ങിയ അക്ഷരമാലയെ പാടേ പരിഷ്കരിച്ചും സംസ്കൃതത്തിലെ അക്ഷരമാലയെ അതേരൂപത്തിൽതന്നെ സ്വീകരിച്ചും ഒരു പുതിയ അക്ഷരമാലതന്നെ അദ്ദേഹം നടപ്പാക്കി. ഇതിനോടുകൂടി ആൎയ്യഭാഷാപദങ്ങളെ ഭാഷയിൽ കുറിക്കുന്നതിനുള്ള വൈഷമ്യവും അഭംഗിയും പാടേ നീങ്ങി.

മലയാളവിഭക്തിപ്രത്യയാന്തങ്ങളായ സംസ്കൃതപദങ്ങളെ ഉപയോഗിക്കുന്നതുപോലെ സംസ്കൃതവിഭക്തിപ്രത്യയാന്തങ്ങളായ മലയാളപദങ്ങളെ സാഹിത്യത്തിൽ പ്രയോഗിച്ചുകൂടാ എന്നുള്ളതിനു മാൎഗ്ഗദൎശനം ചെയ്തതു് എഴുത്തച്ഛനാണു്. ദ്രാവിഡവിഭക്തിപ്രത്യായാന്തമായ സംസ്കൃതപദവും ദ്രാവിഡപദവും കൂടിച്ചേൎന്നാലേ മണിപ്രവാളമാകയുള്ളു എന്നൊരു വിധിയും അദ്ദേഹം കല്പിച്ചു.

മൂന്നാമതു് പ്രൗഢിയും അന്തസ്സും വേണമെങ്കിൽ സംസ്കൃതഛന്ദസ്സിൽ കവിത എഴുതിയെങ്കിലേ സാധി

ക്കയുള്ള എന്നും ദ്രാവിഡഭാഷയിൽ കവിതാനിൎമ്മാണം ചെയ്യുന്നവർ സാംസ്കൃതഛന്ദസ്സിനെ സ്പർശിക്കപോലും പാടില്ലെന്നും ഉള്ള നടപ്പ് ഇല്ലാതാക്കി.

കിളിപ്പാട്ടിന് ആ പേർ കിട്ടുവാനുണ്ടായ കാരണത്തെക്കുറിച്ചു പല അഭിപ്രായങ്ങൾ ഉണ്ട്. പ്രാചീനഭാരതീയർ വിശ്വസിച്ചുപോരുന്ന അറം പററാതെയിരിക്കുന്നതിന് കിളിയെക്കൊണ്ടു പാടിച്ചതാവാം. ഒരു പക്ഷേ സാഹിത്യത്തിന്റെ അധിഷ്ഠാനദേവതയായ സരസ്വതീദേവിയുടെ കൈയിൽ ഇരിക്കുന്ന ശുകത്തെക്കൊണ്ടുതന്നെ കഥ പറയിച്ചതാണെന്നു വരാം. ശുകബ്രഹ്മർഷിയുടെ പേരിനെ സൂചിപ്പിക്കുന്നതിനായി ഇങ്ങനെ നാമകരണം ചെയ്തെന്നും വിചാരിക്കാം. അതോ ഭഗവാൻ ശുകരൂപത്തിൽ ആ ഗുരുപാദൎക്ക് പ്രത്യക്ഷപ്പെട്ടിരിക്കുമോ. സൗകുമാൎയ്യവും ലാളിത്യവും സ്വരമാധുൎയ്യവും പൈങ്കിളിക്കു കൂടുന്നതുകൊണ്ട് അതിനെക്കൊണ്ടു പാടിക്കാമെന്നു വിചാരിച്ചതായിരിക്കാനും മതി. പുരാതനകാലംമുതൽ കവികൾ ആത്മകഥാംശത്തെ മറച്ചു പരസ്വമെന്ന നിലയിൽ കവിതാപ്രതിപാദനകൃത്യം നടത്തിവന്നു. സാലഭഞ്ജികകളെക്കൊണ്ടും കിളികളെക്കൊണ്ടും കഥപറയിച്ചിട്ടുള്ള കൃതികൾ സാംസ്കൃതത്തിലും തമിഴിലും ധാരാളമാണ്. ഇവയെല്ലാം എഴുത്തച്ഛനു പരിചിതമായിരുന്നതിനാൽ ഈ രീതിക്കു തന്റെ കവിതകളും കിളിയെക്കൊണ്ടു പറയിച്ചു എന്നു മാത്രം അൎത്ഥമാക്കിയാൽ മതി എന്നാണ് ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം. ഏതായാലും എഴുത്തച്ഛന്റെ പൈങ്കിളിയുടെ കളകളനിനാദം ലോകാവസാനംവരെ മലയാളഭാഷാസാഹിത്യത്തിൽ ശ്രുതിമധുരമായ നിലയിൽ മുഴങ്ങിക്കൊണ്ടുതന്നെ ഇരിക്കുമെന്നുള്ളതിന് സംശയമില്ല.

മഹാഭാരതം.

ചന്ദ്രവംശത്തിലെ സുപ്രസിദ്ധ രാജാവായിരുന്ന ശന്തനുവിന് ധൃതരാഷ്ട്രർ, പാണ്ഡു എന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഇവരിൽ ജ്യേഷ്ഠനായ ധൃതരാഷ്ട്രർ ജാത്യന്ധനായിരുന്നതിനാൽ അനുജനായ പാണ്ഡുതന്നെ രാജ്യഭരണം നടത്തിവന്നു. ധൃതരാഷ്ട്രർക്ക് ഗാന്ധാരിയിൽ നൂറു പുത്രന്മാരും പാണ്ഡുവിന് കുന്തി, മാദ്രി എന്നീ രണ്ടു ഭാര്യമാരിലായി അഞ്ചു പുത്രന്മാരുമുണ്ടായി. ബാല്യാൽപ്രഭൃതി നൂറുപേരും പാണ്ഡവന്മാരും തമ്മിൽ വിരോധത്തിലാണു കഴിച്ചുകൂട്ടിവന്നത്. പാണ്ഡവന്മാരെ അവരുടെ മാതാവിനോടുകൂടി നശിപ്പിക്കുന്നതിന് ദുര്യോധനാദികൾ പല കൗശലങ്ങൾ പ്രയോഗിച്ചു. ധർമ്മപുത്രരാണ് സാക്ഷാൽ രാജ്യത്തിനവകാശിയായിരുന്നതെങ്കിലും ദുര്യോധനൻ അതു സമ്മതിച്ചില്ല. ദുര്യോധനന്റെ ഹിതത്തിനു വിപരീതമായി പ്രവർത്തിക്കുന്നതിനു ധൃതരാഷ്ട്രർക്കു ധൈര്യമുണ്ടായിരുന്നില്ലതാനും. എങ്കിലും ഭീഷ്മരുടെ സഹായത്തോടുകൂടി ലഭിച്ച പകുതി രാജ്യത്തിൽ ധർമ്മപുത്രർ രാജാവായി ഇന്ദ്രപ്രസ്ഥത്തിൽ പാർത്തു. അന്നു ധർമ്മപുത്രർ സമംഗളം നടത്തിയ രാജസൂയത്തിൽ അസൂയാലുവായി ഭവിച്ച ദുര്യോധനൻ മാതുലനായ ശകുനിയുടെ സഹായത്തോടുകൂടി കള്ളച്ചൂതു പൊരുതു ധർമ്മപുത്രരുടെ സകല സ്വത്തുക്കളും, പാണ്ഡവന്മാരുടെ പ്രിയപത്നിയായിരുന്ന പാഞ്ചാലിയെപ്പോലും അപഹരിച്ചു. പാഞ്ചാലിയെ അവമാനിക്കുന്നതിന് ദുശ്ശാസനൻ ഒരുമ്പെട്ടുവെങ്കിലും ശ്രീകൃഷ്ണന്റെ സഹായത്താൽ അതിൽനിന്നും രക്ഷപ്പെട്ടു. ഒടുവിൽ പന്ത്രണ്ടു വർഷത്തെ വനവാസവും ഒരു വർഷത്തെ അജ്ഞാ

തവാസവും കഴിഞ്ഞുവന്നാൽ രാജ്യം തിരികെ കൊടുക്കാമെന്നു സമ്മതിക്കുന്നതിനുള്ള സന്മനസ്സ് ദുര്യോധനനുണ്ടായി. പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി പന്ത്രണ്ടു വർഷം കാട്ടിലും ഒരു വർഷം അജ്ഞാതവാസമായി നാട്ടിലും കഴിച്ചതിൻെറ ശേഷം തിരിയെ വന്നിട്ടും രാജ്യം കൊടുക്കുന്നതിനു ദുര്യോധനൻ വിസമ്മതിച്ചു. ശ്രീകൃഷ്ണൻെറ മദ്ധ്യസ്ഥതയിൽ ഒരു വീടെങ്കിലും തന്നാൽ മതിയെന്നു പാണ്ഡവന്മാർ അപേക്ഷിച്ചിട്ടും ദുര്യോധനൻ കൊടുക്കാതിരുന്നതിനാൽ ഡൽഹിക്കടുത്ത കുരുക്ഷേത്രം എന്ന സ്ഥലത്തുവച്ച് പതിനെട്ടുദിവസം മുടങ്ങാതെ ഭയങ്കരയുദ്ധമുണ്ടാകുകയും ഈ യുദ്ധത്തിൽ ശ്രീകൃഷ്ണൻെറ സഹായത്തോടുകൂടി പാണ്ഡവന്മാർ ദുര്യോധനാദികളെ നിശ്ശേഷം നശിപ്പിക്കയുംചെയ്തു.

എഴുത്തച്ഛൻെറ ഭാരതം.

മഹാഭാരതംമൂലഗ്രന്ഥം സംഗ്രഹിച്ച് എഴുതിയിട്ടുള്ളതാണ് എഴുത്തച്ഛൻെറ ഭാരതം. മൂലഗ്രന്ഥത്തിലുള്ള പല ഭാഗങ്ങളും എഴുത്തച്ഛൻെറ ഭാരതത്തിൽ വിട്ടുകളഞ്ഞിട്ടുണ്ട്. എങ്കിലും കഥാഗതിയെ സ്പർശിക്കുന്ന പ്രധാന ഭാഗങ്ങൾ യാതൊന്നും തന്നെ ഉപേക്ഷിച്ചിട്ടില്ല. എഴുത്തച്ഛൻെറ ഭക്തിപാരമ്യതയെ സുവ്യക്തമാക്കുന്ന ഭാഗങ്ങൾ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ എല്ലാഭാഗത്തും കാണാവുന്നതുപോലെ ഭാരതത്തിലും സുലഭങ്ങളാണ്. ഭഗവാൻ ശ്രീകൃഷ്ണനെക്കുറിച്ചു പ്രസ്താവിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ കവി മതിമറന്ന് വേദാന്തസാരാർത്ഥം ആസ്വദിച്ച് ആനന്ദനൃത്തം ചെയ്യുന്ന

കാഷ്ഠ സഹൃദയന്മാരെ പുളകോൽഗമകാരികളാക്കിത്തീൎക്കതന്നെ ചെയ്യും.

"വിശ്വമായതും നീയേ, വിശ്വകാരണം നീയേ
വിശ്വകാൎയ്യവും നീയേ, വിശ്വപാലനം നീയേ"

എന്നിങ്ങനെ അദ്വൈതലഹരി തലയ്ക്കു പിടിച്ച് "ഭക്തിഭ്രാന്തനായി" കവി പാടുന്ന ഭാഗങ്ങൾ അപൂൎവ്വമല്ല. എഴുത്തച്ഛന്റെ ഭാരതത്തിൽ ഭക്തിരസമാണു സ്ഥായിയായിട്ടുള്ളതെങ്കിലും, ശൃംഗാരം, കരുണം തുടങ്ങിയ മററു രസങ്ങളും പല ഭാഗങ്ങളിലും സന്ദർഭോചിതമായി കാണാവുന്നതാണ്.

മൂലഗ്രന്ഥത്തിലുള്ളതും, സൎവ്വലോക സംപൂജ്യവുമായ "ഭഗവൽഗീത" എഴുത്തച്ഛൻ തന്റെ ഭാഷാന്തരത്തിൽ ഉപേക്ഷിച്ചുകളഞ്ഞതു് അനുചിതമായിപ്പോയെന്നു ചിലൎക്കെല്ലാം അഭിപ്രായം ഇല്ലാതില്ല എന്നാൽ എഴുത്തച്ഛന്റെ ഔചിത്യബോധത്തിന് ഈ കൃത്യം മൂൎദ്ധാഭിഷിക്തോദാഹരണമാണ്. മൂലഗ്രന്ഥത്തിൽ നിന്നും ഗീതയെ അതുപോലെ ഭാഷാന്തരം ചെയ്യാതെ

"മധുമഥനനമര വരസുതനൊടുപദേശമായ്
മായാപ്രഭാവമതുനീങ്ങുംപ്രകാരമുടൻ
ഉഴറിയരുളിനമൊഴികളുപനിഷത്താകയാ-
ലോതിനാർ ഗീതയെന്നാദരാൽ ജ്ഞാനികൾ"

എന്നു മാത്രം ഉപന്യസിച്ചു ആയോധനത്തിന്റെ അവസാനം അറിയാൻ അക്ഷമരായി കാത്തിരിക്കുന്ന വായനക്കാരെയും കൊണ്ടു് യുദ്ധഭൂമിയിലേക്കു പോകുകയാണ് ചെയ്യുന്നതു്. മനഃശാസ്ത്രപരമായി ഒരു കവിക്കുണ്ടായിരിക്കേണ്ട ജ്ഞാനം എഴുത്തച്ഛനു സംസിദ്ധമായിരുന്നുവെന്ന് ഈ ഭാഗം തെളിയിക്കുന്നു. ഭാരതത്തിന്റെയും ഭാരതീയരുടേയും അഭിമാനസമ്പത്തും, പ

ല വിദേശഭാഷകളിലേക്കും വിവൎത്തനം ചെയ്യുന്നുകവെണ്ണം, അത്ര മഹത്തരമായ ആദ്ധ്യാത്മികജ്ഞാനഭണ്ഡാഗാരവുമാണ് ഭഗവൽഗീതയെന്നു നിസ്തൎക്കമാണ്. ഇത്ര സകലജനസംപൂജ്യമായ ഗീതാവിവൎത്തനത്തിന് എഴുത്തഛൻ എന്തുകൊണ്ടാണ് ഒരുങ്ങാതിരുന്നതു് എന്നുള്ളതു് ചിന്തനീയമായ ഒരു സംഗതിയാണ്. വിദഗ്ദ്ധസേനാനിയായ ഭീഷ്മരുടെ നേതൃത്വത്തിൽ കൗരവസേനയുദ്ധസന്നദ്ധരായി ഒരു ഭാഗത്തു് അണിനിരന്നിരിക്കുന്നു. "ആനന്ദമൂൎത്തി ചമ്മട്ടി കൈക്കൊണ്ടു" നയിച്ച തേരിൽ "ധനപതിയാമൎജ്ജുനന്റെ" സൈന്യാധിപത്യത്തിൽ പാണ്ഡവസൈന്യം മറുഭാഗത്തു് അക്ഷമരായി യുദ്ധത്തിനു മുതിൎന്നു നില്ക്കുന്നു. എതിർ സൈന്യത്തെ കാണുന്നതിനായി അൎജ്ജുനന്റെ അപേക്ഷാനുസരണം രഥം യുദ്ധക്കളത്തിന്റെ മദ്ധ്യത്തിലെത്തി. "നിജതനയധനസദന ജീവനാദ്യങ്ങളെ നിത്യമല്ലെന്നുപേക്ഷിച്ചു്" യുദ്ധസന്നദ്ധരായ് "കലിതരണമരണമിഹ വന്നയോദ്ധാക്കളെ" കാണുന്നതിനായിട്ടു അൎജ്ജുനൻ മറുഭാഗത്തേക്കു നോക്കുന്നു. അവിടെ കാണുന്ന കാഴ്ചയെന്താണ്? "സുഹൃദനുജതനയ ഗുരുജനപിതൃപിതാമഹന്മാ" രാണ് യുദ്ധം ചെയ്യുന്നതിനായി വന്നു നില്ക്കുന്നതു്. "നിശിതതരവിശിഖഗണം" ഈ ഗുരുജനങ്ങളുടെ വപുസ്സിലേക്കാണു താൻ പ്രയോഗിക്കേണ്ടതു്. വേണ്ടാ; തനിക്കും കൂട്ടൎക്കും യാതൊന്നും ലഭിച്ചില്ലെങ്കിലും ഈ മഹാപാപത്തിനു താൻ തയാറില്ലെന്നുപറഞ്ഞു അൎജ്ജുനൻ ആയുധം വെച്ചു തേരിൽ കിടക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണനാകട്ടെ, തന്റെ സാന്ദ്രമായ ജ്ഞാനോപദേശം കൊണ്ടു് അൎജ്ജുനനെ കൎമ്മപ്രബുദ്ധനാക്കിത്തീൎക്കുന്നു. ഏതു് ഉപദേശംകൊണ്ടു ഭഗവാൻ അൎജ്ജുനനെ പ്രബുദ്ധനാക്കിത്തീൎത്തുവോ, ആ ഉപദേശസംഹിതയാണ് ഭഗവൽ ഗീ

തയിലെ ഉള്ളടക്കം. പാണ്ഡവകൗരവസൈന്യങ്ങളെന്നവണ്ണം യുദ്ധരംഗത്തിലേക്ക് വായനക്കാരുടെയും മനസ്സ് ദ്രുതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ, കേവലം ലൗകികന്മാരായ സാധാരണ വായനക്കാൎക്ക് വിരസത ജനിപ്പിക്കുന്നതും, ദീൎഘദീൎഘവുമായ ഗീതോപദേശംകൊണ്ട് അവരുടെ ത്വരിതഗതിയെ പെട്ടെന്ന് നിയന്ത്രിക്കുന്നതു കവിധൎമ്മമല്ലെന്ന് ഉചിതബുദ്ധിയായ എഴുത്തച്ഛൻ നിശ്ചയിച്ചിട്ടുതന്നെയാണ് ആ ഭാഗം വിട്ടുകളഞ്ഞതെന്നു വിചാരിക്കുന്നതാണ് കൂടുതൽ യുക്തിയുക്തമായിരിക്കുന്നത്. കൂടാതെ എഴുത്തച്ഛൻ ഭാരതം ഭാഷാന്തരം ചെയ്യുന്നതിനു വളരെ മുമ്പുതന്നെ കണ്ണശ്ശപ്പണിക്കർ ഭഗവൽഗീത ഭാഷയിലേക്കു വിവൎത്തനം ചെയ്തിട്ടുണ്ടായിരുന്നു. ഭാഷയ്ക്കു കണ്ണശ്ശപ്പണിക്കരിൽനിന്നും ഈ അമൂല്യസമ്പത്തു ലഭിച്ചിട്ടുള്ളതുകൊണ്ടു താൻ ഇനിയും അതിനു തുനിയേണ്ട ആവശ്യമില്ലെന്നും എഴുത്തച്ഛൻ വിചാരിച്ചായിരിക്കാം ഭഗവൽഗീതാപരിഭാഷയ്ക്കു ഒരുങ്ങാഞ്ഞതെന്നും വിചാരിക്കാവുന്നതാണ്.

വിദുരവാക്യം കുന്തിവാക്യം മുതലായ ഭാഗങ്ങൾ എഴുത്തച്ഛൻ തന്റെ കൃതിയിൽ കൂടുതലായി ചേൎത്തിട്ടുള്ളതാണു. മഹാഭാരതം എഴുത്തച്ഛന്റെ മറ്റു കൃതികളെപ്പോലെതന്നെ കാവ്യഗുണംകൊണ്ടു കേരളീയരുടെ പ്രശംസയ്ക്കും, അഭിനന്ദനത്തിനും പാത്രീഭൂതമായിട്ടുള്ളതുതന്നെയാണെന്നു നിസ്സംശയം പറയാം.

ഭീഷ്മപൎവ്വം.

കൗരവസേനാധിപനും പാണ്ഡവകൗരവന്മാരാൽ ഒരുപോലെ പൂജനീയനുമായ ഭീഷ്മരുടെ ആയോധനങ്ങ

ളെക്കുറിച്ച് പ്രധാനമായി പ്രതിപാദിക്കുന്നതുകൊണ്ടാണ് ഈ പർവ്വത്തിനു ഭീഷ്മപർവ്വമെന്നുതന്നെ പേരിട്ടിരിക്കുന്നത്.

ശ്രീകൃഷ്ണന്റെ മദ്ധ്യസ്ഥതയിൽ കൗരവന്മാരും പാണ്ഡവന്മാരുംകൂടി യോജിക്കാതെ പരസ്പരം യുദ്ധംചെയ്തു തന്നെ ജയാപജയങ്ങൾ നിശ്ചയിക്കാമെന്നു തീർച്ചപ്പെടുത്തി. കൗരവസൈന്യം ഭീഷ്മരുടെ നേതൃത്വത്തിലും, പാണ്ഡവസൈന്യം അർജ്ജുനന്റെ ആധിപത്യത്തിലും കുരുക്ഷേത്രത്തിൽ യുദ്ധത്തിനു തയാറാവുന്നു. അർജ്ജുനന്റെ സാരഥി യുദ്ധത്തിൽ ആയുധം തൊടുകയില്ലെന്നു ശപഥംചെയ്ത ഭഗവാൻ ശ്രീകൃഷ്ണനാണ്. പാണ്ഡവസൈന്യത്തിന്റെ നായകനായ അർജ്ജുനൻ, ഗുരുജനങ്ങളെ യുദ്ധത്തിൽ കൊല്ലുന്നതു മഹാപാപമെന്നുപറഞ്ഞു് യുദ്ധവിമുഖനായി ആയുധവും താഴെവെച്ചു തേരിൽ കിടക്കുന്നു. അപ്പോൾ ശ്രീകൃഷ്ണൻ "അലമലമിതരുതരുതു ചപലതകൾ നരപതികളാക്ഷേപമേ ചെയ്യുമില്ലകില്ലേതുമേ അനുചിതമിതറിക നൃപകുലമിതിനു നല്ലതല്ലയ്യോ നിനക്കു ദുഷ്കീർത്തിയുണ്ടായ്വരും" എന്നിങ്ങനെ ഉപദേശവാദംചെയ്തു അർജ്ജുനനെ യുദ്ധോൻമുഖനാക്കിത്തീർക്കുന്നു. പാണ്ഡവകൗരവസൈന്യങ്ങൾ തമ്മിൽ ഭയങ്കരമായ യുദ്ധം നടക്കുന്നു. രണ്ടു ഭാഗത്തുമുള്ള സൈന്യങ്ങൾ ധാരാളമായി യുദ്ധത്തിൽ കൊല്ലപ്പെടുന്നു. ഭീഷ്മരുടെ അമാനുഷികമായ യുദ്ധസാമർത്ഥ്യത്താൽ ലോകം നടുങ്ങുകതന്നെ ചെയ്യുന്നു. ഒടുവിൽ അർജ്ജുനനും ഭീഷ്മരും പരസ്പരം ഏറ്റു. അർജ്ജുനന്റെ അസ്ത്രപ്രയോഗത്താൽ ഭീഷ്മർ യുദ്ധത്തിൽ മറിവേററു ശരശയനം ചെയ്യുന്നു.

വൃത്തം കളകാഞ്ചി.

ഭീഷ്മപർവ്വം.

ശുകതരുണിജനമണിയുമണിമകുടമാലികെ!
ചൊല്ലെടോചൊല്ലെടോ കൃഷ്ണലീലാമൃതം
സുഖവിഭവമതിലധികമിഹനഹിനമുക്കഹോ
ദുഃഖങ്ങളുൾക്കാമ്പിലൊക്കെനീങ്ങീതുലോം
മധുരപരിണതകദളിഫല,മധുഗുളാദിയും
ഭക്ഷിച്ചിരുന്നുതെളിഞ്ഞുപറയണം
അമരപരിവൃഢനമരപതിസുതനുസൂതനാ-
യാചരിച്ചീലയോസാരഥ്യവേലയും
അവിടമറിവതിനുപറകഴകിനൊടുശാരികേ
ആത്മശുദ്ധിപ്രദംഭക്തിമുക്തിപ്രദം
പലപകലുമിരവുമതുഭുജഗപതിചൊൽകിലും
ഭാരതായോധനംപാതിയുംചൊല്ലുമോ?
കുതുകമതിലധികതരമകതളിരിലെങ്കിലോ
ക്രൂരീടവൻകുറഞ്ഞൊന്നുചുരുക്കിഞാൻ
അഘമകലുമഖിലജഗദധിപതികഥാമൃത
മാജീവനാന്തം മുഷിച്ചിലുണ്ടായ്‌വരാ
പകലിരവുപദകമലമകതളിരിൽനണ്ണുകിൽ
പങ്കജാക്ഷൻകനിഞ്ഞെന്തുചെയ്യാത്തതും
ഭവമരണഭയവിഹതിവിരവൊടരുളീടുവാൻ
ഭക്തവാത്സല്യമീവണ്ണമില്ലാർക്കുമേ

അജനവലനമൃതമയനഖിലജഗദീശനാ-
മംബുജാക്ഷൻ പിറന്നീടിനാൻ കൃഷ്ണനായ്
അസുരവരരധികശഠരവനിപതിവീരരാ-
യത്യന്തദുഷ്ടരായുത്ഭവിച്ചീടിനാർ
അവനിഭരമകലുവതിനവർകളെയൊടുക്കുവാ
നാദിദേവൻ മുതിർത്താനൊരായോധനം
കുരുപതികളിരുപുറവുമൊരുമയൊടുപേരിനാ-
യേറ്റാപ്പിട്ടുയുദ്ധകോലാഹലംകൂട്ടിനാർ
കരിതുരഗരഥനികരവിവിധകാലാൾപ്പട
യേറ്റമില്ലാതോളംകൊററുമുണ്ടാക്കിനാർ
അവനിവരരവർകളിരവുപകൽ വാഴുവാ
നാവാസശാലയും കെട്ടിയുണ്ടാക്കിനാർ
അരുമറകളരുമയൊടുവകവകതിരിച്ചവ
നായോധനോത്സവം കണ്ടുഴന്നൊള്ളിനാൻ
വിഗതനയനനൊടുമുനിനിജതനയനാകയാൽ
ഴവേണ്ടാരന്നംവിലക്കീടുകെന്നോതിനാൻ
നൊടിയിടയിലുടൽ പൊരുതുശഠരറികതവതനയർ
ന്നൂറുംമരിക്കുംഭവാനിരിക്കുംവൃഥാ
സമരദരിശനമതിനുനയനമിഹനൽകുവൻ
താല്പര്യംനിനക്കുണ്ടെങ്കിൽ മന്നവ!
നയനരഹിതനുമതിനുമുനിയൊടുചൊല്ലീടിനാൻ
നാഥ! നമുക്കുകേൾക്കെന്നിവേണ്ടാരന്നം
അതുപൊഴുതുമുനിവരനുമറിവതിനുസഞ്ജയ
നാക്കിനാൻദിവ്യമാമീക്ഷണംചൊല്ലുവാൻ
മറകളുടെമറപൊരുൾകളറിവതിനുചതുരനാം
മാമുനിശ്രേഷ്ഠനുംപോയ് മറഞ്ഞീടിനാൻ

കരബദരസമമഖിലഭുവനമപിസഞ്ജയൻ
കണ്ടുകൌതുഹലംപൂണ്ടുമേവീടിനാൻ
അരചനതുപൊഴുതുനിജസചിവനൊടുചൊല്ലിനാ
നറിവതിനുസഞ്ജയ!ചൊല്ലുലോകോത്ഭവം
സുരമനുജഖഗഭുജഗമൃഗപശുതൃണാദ്യമാം
സൃഷ്ടിയുംകാലചക്രഭ്രമപ്രാപ്തിയും
വിവിധതമവിലസദധിപതിവിമലലീലയും
വിശ്വകാര്യ്യങ്ങളുംലോകത്രയാദിയും
പരനമലനജനഖിലഭുവനപതിചെയ്തതും
വർത്തമാനങ്ങളുംമേലിൽഭവിപ്പതും
സരിദവനിവനശിഖരിജലധിപരിമാണവും
ത്രിഭുവനവിഭാഗവുംദിഗ്വിശേഷങ്ങളും
പ്രിയസചിവനവനിപനൊടാശുചൊല്ലീടിനാൻ
പിന്നെയുംവർത്തമാനംപറഞ്ഞീടിനാൻ
ദിതിജവരരവനിയതിലവനിവരരായതും
ദിവ്യനാമീശ്വരൻകൃഷ്ണനായ്‌വന്നതും
കലിപുരുഷകരനഖിലനൃപതികുലനാശനൻ
കശ്മലൻത്വൽസുതനായിപ്പിറന്നതും
അറിക,കളകഴൽമനസിസുഖമൊടിരിമന്നവാ!
ആനന്ദമൂർത്തിയെസ്സേവിക്കസന്തതം
സരസമിതിസചിവനതിസരഭസംചൊന്നതും
താല്പരിയത്തോടുകേട്ടുനരവരൻ
അറിവതിനവരവിനൊടുപറകനീയിന്നിയു
മാത്മജന്മാർപടക്കോപ്പുകൾസഞ്ജയ!
പുനരവനമരചനൊടുപൃഥമയൊടുചൊല്ലിനാൻ
പൂരുവംശോത്ഭവന്മാരായമന്നവർ

തകിൽമുരശ്ശുപറപടഹതുടികളൊടുശംഖവും
തമ്മിട്ടവുംനക്രമദ്ദളംവീണയും
മധുരതരമൃദുലരസനിനാദകുഴൽകാഹളം
മററുശൃംഗങ്ങളിടക്കയുടുക്കുകൾ
പെരിയരഥമലറിവരുമളവരിയഘോഷവും
പെയ്തമദത്തൊടുകുംഭികൾനാദവും
തുരഗവരഖുരനികരപരിപതനധൂളിയും
തുള്ളുന്നകാലാൾ നിലവിളിഘോഷവും
നരപതികളരുമയൊടുതെരുതെരെവലിച്ചുടൻ
നാദംവളക്കുംചെറുഞാണൊലികളും
ത്രിഭുവനവുമതുപൊഴുതുവിറയലൊടുചേർന്നതേ
തീർത്തുപതിനൊന്നുകൂട്ടമക്ഷൌഹിണി
കുടതഴകൾചമരികൊടിയുംകൊടിക്കൂറയും
കോലാഹലമൊട്ടുചൊല്ലാവതോ രണേ
പരശുധരമുനിവരനുസമനരിയഭീഷ്മരും
ഭാർഗ്ഗവശിഷ്യൻഭരദ്വാജപുത്രനും
കുരുനൃപതിവരനുമിളയവർകൾഭഗദത്തനും
ക്രൂരനുള്ളഭൂരിശ്രവാകൃതവർമ്മാവും
ഗുരുകൃപരുമധികതരബലമുടയസൌബലൻ
ക്രൂരതയേറുംനിശാചരവീരരും
ഗുരുതനയനരികൾകുലമറുതികരുതീടുഭവാൻ
കൂടെത്രിഗർത്താദിസിന്ധുഭൂപാലരും
കടലൊടടൽകരുതുമൊരു കടലൊടുസമാനമായ്
ക്കാണ്ണായി പാണ്ഡവന്മാർപടക്കൂട്ടവും
നരകരിപുനളിനദളനയനനഖിലേശ്വരൻ
നാരായണൻപരൻതേരില്ക്കേറിനാൻ

അമരപതിതനയനൊരുകുറവുകൾവരാസ്സതി
നാനന്ദമൂൎത്തിചമ്മട്ടികൈക്കൊണ്ടുടൻ
ധവളമയതുരഗയുതരഥമതുനടത്തിനാൻ
ധനപിയാമജ്ജുനൻതാനംകരേറിനാൻ
പിതൃപതിജപവനസുതനകുലസഹദേവന്മാർ
പിടമ്പേഘടോല്ക്കചൻ വൻപനഭിമന്യു
പല നൃപതികളുമവർകൾപടയുമിതിഘോരമാ
യ്യാടേപരന്നിതുപാരിഷദാദികൾ
ശമനസുതനതുപൊഴുതുസുഹൃദനുജസഹിതനായ്
ശന്തനുജനെച്ചെന്നുകൈവണങ്ങീടിനാൻ
തരികമമയുധിവിജയമതിനുവരമേകുനീ
സത്വത്തിലേതും പിഴച്ചിലടിയനോ
"യമതനയവിരവിനൊടുവരികജയമൂഴിയും
വാഴ്ക നീവാഴ്കഞാൻ വാനിൽവാണീടുവൻ
സമരഭുവി മരണമിഹവരുവതിനു പോരിനായ്
ധമ്മജാ നിങ്ങളോടിന്നു മുതിന്നതും
കുരുകുലവുമറുതിപെടുമിനിയുഴറുകെങ്കിൽ നീ
കുന്തീസുതനെന്നനുജ്ഞയും നൽകിനാൻ
ഗുരുകൃപയൊടതുപൊഴുതു ഗുരുകൃപജനത്തെയും
കുന്തീസുതന്മാർ വണങ്ങി വാണീടിനാർ
വിരവിനൊടുപൊരുവതിനുകരുതിയിരുപുറവുമതി
വീയ്യംനടിച്ചു രാജാക്കൾനില്ക്കുംവിധൌ
നിധനഭയമുടയവർകൾ വിരവിനൊടു പോരുവിൻ
നീതിയിൽപാലിപ്പനെന്നിതു ധമ്മജൻ
കുരുനൃപതി സുതരിലിളയവനൊരു യുയുത്സുവും
കൂടിപ്പുറപ്പെട്ടു ധമ്മജൻപിന്നാലെ

രണശിരസി നരപതികളിരുപുറവുമതുപൊഴുതു
ചേണുററെഴും മഹാവ്യൂഹവും കൂട്ടിനാർ
ചെകിടുപടയലറിനൊരു പടഹമുഖവാദ്യവും
തേരൊലികൾ ഞാണൊലികൾ സിംഹനാദങ്ങളും
കലഹരസവിവശതരമതികളതിശൂരന്മാർ
കണ്ടുകൊണ്ടാടിപ്പരസ്പരം നിൽക്കുമ്പോൾ
കമലദലനയനനൊടു വിജയനഥ ചൊല്ലിനാൻ
കാരുണ്യവാരിധേ! ശ്രീപതേ! ദൈവമേ!
കപടമതികളിലിലിയചെറുവിരൽ സുയോധനൻ
കശ്മലൻ തന്നെക്കുറിച്ചു യുദ്ധത്തിനായ്
നിജതനയധനസദനജീവനാദ്യങ്ങളെ
നിത്യമല്ലെന്നുപേക്ഷിച്ചു സന്നദ്ധരായ്
കലിതരണമരണമിഹവന്നയോദ്ധാക്കളെ
കാണ്മാനടുത്തുനിർത്തേണമിസ്സ്യന്ദനം
മരുതലകളിരുപുറവുമടൽകരുതിനിന്നതി
മദ്ധ്യേ മഹാരഥം നിർത്തിനാനച്യുതൻ
സുഹൃദരജതനയഗുരുജനപിതൃ പിതാമഹ
ന്മാരെയും യുദ്ധസന്നദ്ധരായ്ക്കണ്ടവൻ
ത്രിദശവരതനയനതികരുണയൊടു ചൊല്ലിനാൻ
തേർ പിന്തിരിച്ചു വിടുത്തി നിർത്തീടുക
നിശിതതരവിശിഖഗണമരുതു ഗുരുവപുഷി ഞാൻ
നിഷ്കരുണനായ് പ്രയോഗിപ്പതയ്യോ ഹരേ
ഹരവരദ,ശിവ,ഗിരിശ,ദുരിതഹര, ശങ്കര
ഹാഹാനിനച്ചതതിമോഹമെത്രയും
ഗുരുവധമതതിദുരിതമരുതരുതു മാധവ!
കൂട്ടൊല്ല തേർ പിന്തിരിക്കെന്നുഫൽഗുനൻ

അതികരുണനമമരകുലവരനൊടുരചെയ്തു താ
നായുധംവച്ചു തേരിൽ കിടന്നീടിനാൻ
ജഗദുദയഭരണപരിഹരണബഹുലീലയും
ചെയ്താഴിയില്പള്ളികൊള്ളുന്ന നാഥനും
അലമലമിതരുതരുതു ചപലതകൾ നരപതി
കളാക്ഷേപമേ ചെയ്യുമല്ലകില്ലേതുമേ
അനുചിതമിതറിക നൃപകുലമിതിനു നല്ലതല്ലയ്യോ
നിനക്കു ദുഷ്കീർത്തിയുണ്ടായ്‌വരും
ഫലമതിനു നരകമൊരു ഗതിവരികയില്ലെടൊ
പാർത്ഥിവന്മാൎക്കു യുദ്ധം വെടിഞ്ഞീടിനാൽ
പരമപുരുഷനുമതിനു പരിചൊടരുളീടിനാൻ
പാർത്ഥനദ്ധ്യാത്മമായുള്ളതെല്ലേതുമേ
വിമലനജനഖിലജഗദധിപനഥ കാട്ടിനാൻ
വിശ്വസിച്ചീടുവാൻ വിശ്വരൂപത്തെയും
ത്രിഭുവനവുമസുരസുരമനുജഖഗമൃഗഭുജഗ
ദനുജപശുമുഖബഹുലഭൂതവൃത്താന്തവും
ബഹുചരണബഹുവദന ബഹുലകരജാലവും
വിസ്മയത്തോടു കണ്ടീടിനാനർജ്ജുനൻ
ഭയമൊടവനതുപൊഴുതു തെരുതെരെ നമസ്കരി
ച്ചുഭയമരുളെന്നു കൃപ്പിസ്തുതിച്ചീടിനാൻ
കുരുകുലജ ഭയമൊഴിക കുരുസമരമാശുനീ
കുന്റുനായീടൊലാ കണ്ടതെല്ലാമഹം
മധുമഥനനമരവരസുതനൊടുപദേശമായ്
മായാപ്രഭാവമതുനീങ്ങുംപ്രകാരമുടൻ
ഉഴറിയരുളിനമൊഴികളുപനിഷത്താകയാ
ലോതിനാർ ഗീതയെനാദരാൽ ജ്ഞാനികൾ

അതുപൊഴുതു ചപലതകളഖിലമകലെക്കളെ
ഞ്ഞജ്ജുനൻ പോരിനായ് വില്ലെടുത്തീടിനാൻ
അഥ കലഹമതിഭയദമരുതുമമചൊല്ലുവാ-
നമ്പുകൊണ്ടെ മറച്ചീടിനാനംബരം
അഥ വിജയനതുപൊഴുതു ശരയുഗളവും തൊട്ടു
ത്താചാൎയ്യപാദാഭിവാദ്യം പ്രയോഗിച്ചാൻ
കരികളൊടു കരികളഥ രഥികളൊടു രഥികളും
കാലാളുകൾ കാലാളുമശ്വത്തിനശ്വവും
നിജസദൃശബലസഹിതജനഘടനചേതസാ
നീതിയോടേററുപൊരുന്നതാലോകിത്തും
ഗഗനമതിലമരവരർ വിരവൊടുനിറഞ്ഞുതേ
ഗന്ധൎവ്വസിദ്ധവിദ്യാധരൌഘാദിയും
നരപതികളെതിർപൊരുതു തെരുതെരെമരിക്കയും
നാകനാരീജനം വന്നുവരിക്കയും
നരതുരഗതതിരുധിരനദികളിലൊലിക്കയും
നാരദൻ കണ്ടുകൊണ്ടാടിച്ചിരിക്കയും
ഖഗനിവഹമഥരുധിരജലമതു കുടിക്കയും
കണ്ടശവം പിശാചാളി ഭുജിക്കയും
കനമകലുമതുകരുതി വസുമതി ഹസിക്കയും
കാണികൾ നാരായണേതി ജപിക്കയും
ഘനഗളിതജലസദൃശശരനിരപൊഴിക്കയും
ഖഡ്ഗപാതം ചതുരന്മാർ കഴിക്കയും
നിശിതതരവിശിഖഭയപരവശമൊളിക്കയും
നിർഭയന്മാരതുകണ്ടു പഴിക്കയും
കരവിഗളദരികളരിഗളതലമറുക്കയും
കണ്ടംമുറിഞ്ഞു തലകൾ തെറിക്കയും

ചപലതരമതിചതുരവീരഗണമറുക്കയും
ചാതുൎയ്യമോടു ചാപങ്ങൾ മുറിക്കയും
ചപലകളൊടുപമതകുമസിലതകളേല്ക്കയും
ചാപല്യമുള്ളവർ കണ്ടുവിറയ്ക്കയും
സമരരസമതികൾ നിജസമരൊടു മറുക്കയും
സാവജ്ഞമേഹീതിചെന്നുവിളിക്കയും
രണകരണനിപുണതരമപകരുണമാക്കയും
രേണുകാപുത്രശിഷ്യൻ പ്രമോദിക്കയും
മധുമഥനവദനനളിനം വികസിക്കയും
മാനംനടിച്ചവർ ദേഹം ത്യജിക്കയും
രണമരണഭയരഹിതമതികളെന്നതിക്കയും
രാജവൃന്ദം ചോരകണ്ടു മദിക്കയും
സമരഭുവി വിമുഖഭടരെപ്പരിഹസിക്കയും
സംയുതകാമികളുട്ടഹസിക്കയും
ദനുജസുരസമരമതിനൊടുപമിക്കയും
ദ്വന്ദ്വയുദ്ധംകണ്ടവർ വിവാദിക്കയും
ശമനഭടപരനിവഹമേറെ ശ്രമിക്കയും
ശന്തനുജൻ ധനുഃസ്സററം നമിക്കയും
വിബുധയുവതികൾ നരന്മാരെ ഭ്രമിക്കയും
വീതശോകം കൗതുകേന രമിക്കയും
ശരണമിഹകിമിതിചിലർ പലവഴിതിരിക്കയും
ശന്തനുപുത്രൻ ബലൌഘം ഭരിക്കയും
കരികളൊടു പവനസുതനുടനുടനടുക്കയും
കൈക്കിതമെഴുംപരിചുമുഷ്കിനൊടടിക്കയും
കടമുടയുമടവടികൾകഠിനതരമേല്ക്കയും
ഘണ്ടാരവേണ പിടഞ്ഞുകിടക്കയും

കലശഭവനതിന ശരതതികൾ വരിഷിക്കയും
കൌതുഹലേന ഘടോല്ക്കചനാക്കയും
ത്രിദശപതിസുതനുമഥ ശരനിരപൊഴിക്കയും
ചെമ്മേഭയത്തോടരിവാഹിനിയൊഴിക്കയും
നദിമകനുമതിനുഴറി വിജയനൊടെതിൎക്കയും
നല്ലധൎമ്മാത്മജൻ ശല്യരൊടടുക്കയും
പെരിയരഥമതിൽ വിരവൊടേറിവന്നുത്തരൻ
പിന്നിട്ടു ധൎമ്മജനെ മുൽപ്പുക്കെതിൎത്തിനു
മദസലിലമൊഴുകിനൊരു കരിമുതുകിലേറിനാൻ
മാദ്രേശനായുള്ള ശല്യർ മഹാരഥൻ
കൊലകരുതിയവരിരുവർപൊരുതളവു ശല്യരും
കൊന്നീടിനാനുത്തരൻതന്നെയന്നേരം
ദിവസകരനൊളിവിനൊടു ജലധിയിൽ മറഞ്ഞുതേ
ദിക്കുകളെല്ലാമിരുട്ടും നിറഞ്ഞുതേ
പകലുതിവരുമളവുപടയുംതിരിഞ്ഞുതേ
പാണ്ഡവന്മാൎക്കു സന്തോഷം കുറഞ്ഞുതേ
പരമപുരുഷനെയുമകമലരിലാക്കിക്കൊണ്ടു
പാൎത്ഥിവന്മാർചെന്നു കൈനിലയുംപുക്കാർ
അപരദിനമുഷസി കുരുനരപതികൾ പോരിനാ
യാൎത്തുപുക്കീടിനാർ പോൎക്കളംതന്നിലെ
കഠിനതരമനിലസുതനൊടു പൊരുതുനിന്നുടൻ
കാലന്തൂർപുക്കാർ കലിംഗാത്മജന്മാരും
ശരനികരമതുപൊഴുതു പെരുമഴസമാനമായ്
ശന്തനുനന്ദനൻ തൂകിത്തുടങ്ങിനാൻ
അദിതിസുതവരതനയനതിനുസമമെയ്തുടൻ
അത്ഭുതാകാരമായ്‌വന്നിതു യുദ്ധവും

കതിരവനമതുപൊഴുതു ചരമഗിരിമുകളിലാ-
യ്ക്കണ്ടനിന്നീടിനോരും നടന്നീടിനാർ
ഉദയഗിരിമുകളിലഥ ദിവസപതിവന്നപോ
തുക്കളുള്ള മന്നവർ മൂന്നാംദിവസവും
സമരഭുവിസരഭസമൊടടൽകരുതിവന്നുടൻ
സന്നാഹമോടുനിലവിളിച്ചീടിനാർ
ജലദനിറമുടയ യദുകുലജനകഖിലേശ്വരൻ
ജന്മാദിഹീനൻ ജനാർദ്ദനൻ മാധവൻ
ജനിമരണഭയഹരണനിപുണചരണാംബുജൻ
ജംഗമാജംഗമാപാപ്യൻ ജഗന്മയൻ
അധികസിതതുരഗയുതരഥമതിലലങ്കരി
ച്ചാദിതേയാധിപപുത്രനംതാനമായ്
അരികളംകുലമറുതിപെടുമതിനതിരുഷാമൃതി
ന്നാത്തിത്തീടിനാൻ ഭീഷ്മരോടപ്പൊഴേ
കലഹമതിനപമപറവതിന്നരിമയുണ്ടടോ
കാലന്തുർപുക്കാരനേകം പടജ്ജനം
ഭയമൊടുരുപരവശതപെരുകിയ!രുപുറവുമൊരു
പാച്ചിൽതുടങ്ങീതിളകി പെരുമ്പട
മറുതലയുമടർനിലവുമറിയരുതു പൊടിപെരുകി
മണ്ടുന്നിതോരോജനങ്ങളേരോവഴി
പടയിളകിയതുകരുതി വിരവൊടു സുയോധനൻ
പാഞ്ഞടുക്കുന്നതു കണ്ടിട്ടു ഭീമനും
ഗിരിമുകളിൽ മഴപൊഴിയുമതിന്നസമമെയ്യേറ്റു
കീറിട്ടുരീരം ധൃതരാഷ്ട്രപുത്രനും
ഉപരിചരമകംമകനമകനമകനായവ
ന്തുക്കളുള്ള ഭീഷ്മരോടത്തൽചൊല്ലീടിനാൻ

കടകതിനുകടുതലരൊടടൽകരുതിഭീഷ്മരും
കൌന്തേയസൈന്യവുമോടി ഭയത്തിനാൽ
ബലസഹജനമരവരതനയനൊടു ചൊല്ലിനാൻ
വൻപടകെട്ടുമണ്ടുന്നതു കാൺകെടോ
ത്രിജഗദധിപതി വചനനിശമനദശാന്തരേ
വീരൻ ധയഞ്ജയൻ ബാണങ്ങൾ തൂകിനാൻ
ത്രിദശപതിസുതകൃതശരപ്രയോഗം കണ്ടു
ദിവ്യൻ നദീസുതൻ വിസ്മയംതേടിനാൻ
പരിഭവമൊടമിതകരബലമൊടു പിതാമഹൻ
പാർത്ഥനെക്കണ്ടെതിർത്താർത്തടുത്തീടിനാൻ
അമരവരതനയനെയുമമരവരസഹജനെയു
മമ്പിനാൽ മൂടിനാൻ വൻപനാം ഭീഷ്മരും
കമലദലനയനമൃദുവപുഷിശരമേററതു
കണ്ടിട്ടുകോപംമുഴത്തിതു പാർത്ഥനും
വിബുധപതിസുതനതിനു വിരവിനൊടു ഭീഷ്മർതൻ
വിൽമുറിച്ചീടിനനേരത്തു ഭീഷ്മരും
വിഗതഭയമപരമൊട്ടു വില്ലെടുത്തീടിനാൻ
വീരനാംപാർത്ഥനതും മുറിച്ചീടിനാൻ
വിവശതയിലരിശമൊടു വിരവൊടു പിതാമഹൻ
വീണ്ടുമറെറാന്നു കൈക്കൊണ്ടു ചൊല്ലീടിനാൻ
വിജയ! തവ സമരചതുരത പെരുകനന്നൊടോ
വിസ്മയം വീരാ! വിചിത്രം തൊഴിലുകൾ
ചരതമൊടു പൊരുവതിനു വരികവരികാശുനീ
ചാകാത്തനാളല്ല ഞാനും പിറന്നതു
കുരുകുലജവരരവരിരുവർകളുമടുത്തുടൻ
ക്രൂരമ്പുകോരിച്ചൊരിഞ്ഞുതുടങ്ങിനാർ

രഘുപതിയുമമരരിപുദശമുഖനുമുള്ളപോ
രന്നുകാണാത്തവർ കണ്ടാരതുപോലെ
തുമുലതരരണരണിത ഹൃദയമൊടു കാണികൾ
തുല്യമതിന്നുമററില്ലൊരുപോരെന്നാർ
ഉടലിലൊഴുകിനരുധിരജലമൊടവർതങ്ങളി
ലുണ്ടായ യുദ്ധകോലാഹലം ചൊല്ലുവാൻ
അരുതരുതു് പുനരദിതിവരതനയനന്ദന
നാലസ്യമുണ്ടായിതേററംമുറികയാൽ
നിജസചിവനുടലിൽ മുറിവിടരിനൊടു കാണ്കെയാൽ
നിർത്തിനാൻതേരെടുത്തീടിനാൻ ചക്രവും
മധുമഥനനണ്ണയവരുമളവു ദേവവ്രതൻ
മന്ദസ്മിതംചെയ്തുനിന്നു ചൊല്ലീടിനാൻ
കമലദലനയനമധുമഥനകരുണാനിധേ!
കാളമേഘാഭിരാമാകൃതേ! ശ്രീപതേ!
ജനിമരണഭയഹരണനിപുണകരചരണയുഗ
ജന്തുക്കൾ ജീവനമായ ജഗൽപതേ!
നളിനശരശമനകരനളിനഭവനമിതപദ
നാരായണ! ഹരേ നാരായണ! ഹരേ!
സലിലനിധിദുഹിതൃവരസകലജഗദവനപരി
സച്ചിൽസ്വരൂപപ്രഭോ നാഥ ഗോപതേ!
നിഗമമയസദനവിധുവദന കരുണാനിധേ
നിന്നുടെകൈകൊണ്ടു കൊന്നരുളെന്നെനീ
മമമനസി നിയതമഭിലഷിതമിതുമാധവ!
മറെറന്തുപിന്നെവരേണ്ടതെനിക്കഹോ
മധുരതരവചനമൊടു കുരുകുലജനിങ്ങനെ
മാനിച്ചുചൊന്നതുനേരത്തുപാർത്ഥനും

ആരുതരുതിതൊഴികൊഴിക കരുതുകൊത്ര
സത്യമുണ്ടാനന്ദമൂർത്തേ! മറന്നിതോമാനസേ
വിജയനയവചനമതു വിമലനസുരാരിയാം
വിശോകനായകൻ കേട്ടടങ്ങീടിനാൻ
ഖരകിരണനൊളിവിനൊടു കടലിൽ മുഴുകീടിനാൻ
കൈനിലപുക്കീടിനാർ മഹീപാലരും
കലഹരസമകതളിരിൽ നിറയുമരിവീരരും
കണ്ടെതിർത്താർ തമ്മിൽ നാലാംദിവസവും
ദ്രുപദസുതനൊടുപൊരുതുനിന്നാശല്യാനുജൻ
തേർകളഞ്ഞാനതിന്നാശു ധൃഷ്ടദ്യുമ്നൻ
കുപിതനതിചതുരനവനൊടുപൊരുതടുത്തുടൻ
കൊന്നിതു ശല്യാനുജൻ തന്നെയന്നേരം
വ്യഥയുമൊരുപരിഭവവുമകതളിരിൽവായ്ക്കയാൽ
വീരനാംശല്യരടുത്തു പടയുമായ്
കരതളിരിലൊരുഗദയുമഴകിനൊടെടുത്തുടൻ
കാററിന്മകനുമടുത്താൻ കടൽപോലെ
ഘടമുടയ വടിവിനൊടു കഠിനമൊടടിച്ചുടൻ
കാലപുരത്തിന്നയച്ചാൻ കരികളെ
പടനടുവിലലറിനൊരു പവനതനയൻതന്നെ
പ്പററലർകണ്ടു പേടിച്ചകന്നീടിനാർ
കുരുനൃപതിവരതനയനവരജന്മാരുമായ്
ക്രൂററനേപ്പോലെയടുത്താനതുനേരം
ബലമുടയപവനസുതനതിനു തേരേറിനാൻ
പെയ്തുടങ്ങിനാൻ ബാണഗണമവൻ
കൊടുമയൊടുപൊരുതു കുരുനൃപതി സഹജന്മാരെ
കൊന്നാൻ പതിമ്മൂന്നുപേരെയും മാരുതി

നരതുരഗ കരി രഥികൾ നാശങ്ങൾ കണ്ടിട്ടു
നാഥൻ ഭഗദത്താനെയ്തുടൎത്തീടിനാൻ
പവനസുതവപുഷിശിതശരനിരകൾകൊണ്ടതു
പാൎത്ഥലടാൽക്കചനാത്തടുത്തീടിനാൻ
മറുതലകൾനടുവിലടൽപൊരുവതിനുപുക്കവെ
ന്നായകൾകൊണ്ടു പോർചെയ്തുടൎത്തീടിനാൻ
പരവശതയൊടു പടയുമിളകിനടകൊണ്ടതേ
പാൎത്ഥിവേന്ദ്രൻ ഭഗദത്തനുമോടിനാൻ
മുസലധരകരികൾപലർ പട്ടുപോയീതുടൻ
മുൽപെട്ടുവാങ്ങീ സുയോധനസൈന്യവും
സുഹൃദനുജസഹിതയമതനയനും സൈന്യവും
സൂൎയ്യൻ മറഞ്ഞാറെ കൈനിലയുംപുക്കാർ
അപജയവുമനുജജന മരണവും ചൊല്ലിനാ
നാൎത്തനായ് ഭീഷ്മരോടന്നു സുയോധനൻ
നദിമകന മതിനു കുരുനൃപതിയൊടു ചൊല്ലിനാൻ
നന്നാകയില്ലപട നമുക്കെന്നുമേ
സകലജഗദവനകരനവനിഭരനാശനാൽ
സാക്ഷാൽജഗന്മയനായ നാരായണൻ
പകലിരവുതുണയരികിലുണ്ടു സുയോധന!
പാണ്ഡവന്മാൎക്കേ ജയംവരൂ നിൎണ്ണയം
വരദനജനഖിലജനഹൃദിമരുവുമീശ്വരൻ
വാസുദേവൻതന്നെ വന്ദിക്ക നീതാനും
യമതനയനവനിയൊരുപാതിയുംനൽകിനീ
ചെമ്മേ സുഖിച്ചു വസിക്ക പിണങ്ങാതെ
അനുനയമൊടശ്ശുഭശ്ശുഭമറിവതിനുചൊന്നപോ-
താദിത്യദേവനുദിച്ചാനതുനേരം

പലമലകളൊരുമയൊടുമലകളൊടു പൊരുവതിന്നു
പാഞ്ഞടുക്കുംവണ്ണമേററിതഞ്ചാംദിനം
പരമഗുരുചരിതനഥ രഥമതുനടത്തിനാൻ
പാൎത്ഥനും ഭീഷ്മരോടെയ്തടുത്തീടിനാൻ
മുസലശരപരിഘവരപരശുമുഖമായുധം
പാൎത്ഥിവന്മാരുടൻ തൂകിത്തുടങ്ങിനാൻ
പരനിവഹശമനകരനമരവരനന്ദനൻ
ഭൈരവാസ്ത്രംപ്രയോഗിച്ചിതു ഭീഷ്മരെ
പരശുധരനൊടുപൊരുതു ജയമതുലഭിച്ചവൻ
പ്രത്യസ്ത്രമെയ്തുതടുത്തുനിന്നീടിനാൻ
പടനടുവിലൊരു രുധിരനദിയുമൊഴുകിതദാ
പെട്ടിതു സാത്യകിക്കാത്മജന്മാർപത്തും
പുരുഷവരനധികരഥനായ ഭൂരിശ്രവാ
പുത്രഗണത്തെ വധിക്കയാൽ സാത്യകി
കനൽചിതറുമണിമിഴിയൊടെതിർപൊരുതടു
കാണായശത്രുക്കളെയൊടുക്കീടിനാൻ (ത്തുടൻ
കരിതുരഗനരരഥികളിരുപുറവുമേററവും
കാലരാജ്യംഗമിച്ചാർ പിണങ്ങി തുലോം
അരുണനലകടൽ നടുവിലരചരഥ കൈനിലയി
ലഴകിനൊടുപുക്കാർ പുലൎന്നിതാറാംദിനം
കൃതികളതിൽമികവിയലുമരിയഗംഗാസുതൻ
ക്രൌഞ്ചമാംവ്യൂഹം ചമച്ചു നിൎത്തീടിനാൻ
കൃതികളകമതിൽമരുവുമഖിലജഗദീശനാം
കൃഷ്ണനും പാൎത്ഥനും തേരിലേറീടിനാർ
അരചർകുലമവരവർകളെതിർപൊരുതുതമ്മിലേ
ററന്തകൻവീടു പുക്കാരനേകം ജനം

ദ്രുപദസുതനതിചതുരനായ ധൃഷ്ടദ്യുമ്നൻ
മോഹിച്ചിതേററവും മോഹാസ്ത്രമേൽക്കയാൽ
ഗുരുവരനമവനൊടെതിർപൊരുതു തേരുംവില്ലും
കൂടെക്കളെഞ്ഞേയ്ക്കൂട്ടത്തു ചെന്നീടിനാൻ
കുരുപതിയുമതുപൊഴുതു പലരൊടും ചൊല്ലിനാൻ
കുന്തീസുതനായ ഭീമനെ കൊല്ലുവാൻ
ഉഴറുകിനി വിരവിനൊടു കളയരുതു കാലമെ
ന്നുകേട്ടോടടുത്തു കുരുപ്രവരന്മാരും
ദ്രുപദനൃപദ്ധഹിതുവരസുരവരജകേകയ
ദ്രുപദമുഖരഥികൾ തുണചെന്നിതു ഭീമനും
ദൃഢതരമൊടധിനികടമടൽപൊരുതനന്തരം
ദ്രോണാദികളുമൊഴിച്ചുവാങ്ങീടിനാർ
കുടകൊടികളടലിടയിലിടരൊടുപൊടിച്ചുടൻ
കൂടത്തുടന്നടുത്തീടിനാൻ ഭീമനും
ചെകിടടയുമളവലറുമനിലസുതഭീതിയാൽ
ചെന്നവർ കൈനിലപുക്കിരുന്നീടിനാർ
മറുതലകൾതോല്പതിന്നേഴാംദിവസവും
മണ്ഡലവ്യൂഹം ചമച്ചിതു ഭീഷ്മരും
വരികിലിളകരുതു പടയെന്നുറപ്പിച്ചുടൻ
വജ്റമാംവ്യൂഹവും വജ്റധരാത്മജൻ
സലിലധരനികരമടമഴപൊഴിയുമവ്വണ്ണം
സായകപങ്ക്തികൾ തൂകിത്തുടങ്ങിനാർ
ഉടനുദരഗളചരണമുഖമവയവങ്ങള-
റുത്തുക്കുന്നു ചോരയൊലിക്കുന്നു പിന്നെയും
രഥനികരതുരഗവരനരകരികൾ ചാകയും
രക്ഷോവരപ്രേതഭൂതങ്ങളാക്കയും

രുധിരനദിപലവഴിയുമുടനുടനൊലിക്കയും
നാരദൻ തുംബുരുസാകം ചിരിക്കയും
കലശഭവ നാശിതതര വിശിഖഗണ മേൽക്കയാൽ
ബന്ധമായ്‌വന്നു വിരാടന്റെ ചാപവും
ശശകലരഥ തുരഗതാതനെക്കണ്ടാശു
ശാപനാം ദ്രോണരോടേററാനതുനേരം
നിമിഷമൊടു ശമനപുരി നിലയനവുമാക്കിനാൻ
നിന്ന ഭരദ്വാജപുത്രൻ ഗുരുവരൻ
സഭയതരഹൃദയമഥ വാങ്ങി വിരാടനും
സവ്യസാചിക്കെതിർചെന്നു ഭഗദത്തൻ
മഹിതഗുണമുടയ യമസുതനൊടു സുയോധനൻ
മാദ്രനും മാദ്രീതനയനും തമ്മിലും
അസുരസുര സമര സമമെന്നേപായാവി-
തസ്മിച്ചീടിനാനാദിത്യദേവനും
ഹരിസഹിതഹരിഹയജനരായരഥമേറിനാ
നരിമയൊടു പോരിനായെട്ടാം ദിവസവും
പവനസുതനൊടു പൊരുതു ചത്താരൊരേഴുപേർ
പാപികളായ സുയോധന തമ്പിമാർ
പരുഷമൊടു പലവചനമതിനു ദുരിയോധനൻ
പാർത്തുദേവവ്രതൻതന്നോടു ചൊല്ലിനാൻ
വിധിവിഹിതമിതു കരുതുകളകഴൽ സുയോധന
വീരർ മരിക്കുന്നതിന്നു ശോകിക്കൊലാ
നിശിചരരിലരചനതിബലമെഴമലംബുസൻ
നിന്നപട കൊന്നൊടുക്കുന്നതുകണ്ടു
വിബുധപതിസുതതനയനെന്നെയ്തെയ്തുടൻതിതു
വിത്രസ്തനായവനംബരമേറിനാൻ

പുനരസുരനൊരുവനവനോടടുത്തീടിനാൻ
പോരിലവൻതന്നെക്കൊന്നാനിരാവാനും
അതിനുപരിഭയമിയലുമസുരകളസംഖ്യമാ
യാശീവിഷങ്ങളായ്ക്കാണായി മായയാ
സുരവരജസുതനുമഥ നിന്നുവാഷ്ണ്ണനായ്
സൂക്ഷിച്ചുമായമറിഞ്ഞിട്ടിരാവാനും
അതുപൊഴുതു ഗരുഡനുടൽപൂണ്ടു സർപ്പങ്ങളെ
ആശ്ചരിയംവരുമാറവൻ ഭക്ഷിച്ചാൻ
അവനെയവരതുപൊഴുതു മായയാ കൊന്നാപോ
താർത്തു ദുരിയോധനനാദികളൊക്കവേ
പവനസുതതനയനഥ പവനസമവേഗേന
പററലരൊച്ചകേട്ടുറതെടുത്തീടിനാൻ
ഭ്രമണകരപരിഘമൊടു വീരൻ ഘടോൽക്കചൻ
ഭ്രാതാവിനെക്കൊലചെയ്തോരുകാരണം
ഇടിയൊടെതിരിടുമടവുപൊട്ടുപൊടലറീടിനാ
നിദ്രാത്മജാത്മജൻതാനുമറ്റുണ്ണമേ
പവനജനുമവരജനുമൊരുമയൊടടുത്തുടൻ
പററലർക്കൂട്ടമൊടുക്കിത്തുടങ്ങിനാർ
നദിമകനുമതിനു ഭഗദത്തനോടേകിനാൻ
നന്നായടുത്താനുടൻ ഭഗദത്തനും
നിജതനയമരണമതുകേട്ടു ദുഃഖത്തോടേ
നിന്നാധനഞ്ജയൻ കോപിച്ചടുത്തപ്പോൾ
കുരുകുലവുമുരുഭയമൊടുഴറി നടകൊണ്ടുപോയ്
കൂട്ടമേ കൈനിലപുക്കിരുന്നീടിനാർ
ദിവസകരനുദയമതുകണ്ടുപോതൊന്നാതാം
ദിവസവുമണഞ്ഞുപോർചെയ്തുതുടങ്ങിനാർ

പിതൃരധികനധികബലമുള്ള സൌഭദ്രനും
പേടിച്ചലംബുസനോടുവോളമെയ്താൻ
ഗുരുവനൊടുഗുണസദൃശനായ കിരീടിയും
കുംഭികളോടുവൃകോദരവീരനും
ശമനതനയനുമമിതബലമുടയശല്യരും
ശക്തിയേറീടും മഹാരഥർതമ്മിലും
പൊരുതളവു നരതുരഗകരികളിരുഭാഗവും
പോരിൽ മരിച്ചാരസംഖ്യമരക്ഷണാൽ
രുധിരമയനദികൾ പലവഴിയുമൊഴുകീ തദാ
രോഷംമുഴുത്തതിവേലാരമായിരണം
വിജയരഥമതുപൊഴുതു വിഗതഭയമച്യുതൻ
വീരനാം ഭീഷ്മർക്കുനേരെ നടത്തിനാൻ
സലിലധരനികരമടമഴപൊഴിയുമവ്വണ്ണം
സായകൌഘം പ്രയോഗിച്ചാരിരുവരും
നദിമകനുമതുപൊഴുതു ചെറുതുകോപിക്കയാൽ
നാരായണനും നരനുമേററു ശരം
ത്രിദശപതിസുതനുമഥ വിൽ മുറിച്ചീടിനാൻ
വീരനാം ഭീഷ്മർ മറെറാന്നെടുത്തീടിനാൻ
കമലദലനയനസഖിയായ ധനഞ്ജയൻ
ഖണ്ഡിച്ചിതമ്പുകൊണ്ടതുതന്നെയും
വിരവിനൊടുപുനരപരമൊരുധനുരനന്തരം
വീരനാം ഭീഷ്മർകൈക്കൊണ്ടെടുത്തീടിനാൻ
ശരനികരപരിപതനശകലിതശരീരനായ്
ശക്രാത്മജനും തളൎന്നിടർപൂണ്ടുതേ
സമരഭുവിരഥമപിചനിൎത്തി നാരായണൻ
ചക്രംതിരിച്ചടുക്കുന്നതു കാണായി

“ജയ പരമപുരുഷ ജയ ജയ സകലഭുവനമയ
ജന്മനാശങ്ങളില്ലാത ജഗൽപ്രഭോ
ജയ കമലദലനയന ജയ കമലഭവസദന
ജാഗ്രൽഭ്രമപ്രദപ്രാണിജീവാത്മകാ!
ജയ കമലവദന ജയജയ വരദ കമലവര
ജാഡ്യപ്രണാശന ത്രാഹിമാം ത്രാഹിമാം
ജയ വിബുധമുനിനമിത ജയ ഗിരിശനതശരണ
ജാത്യാഭിമാനാദിഹീനപ്രഭാനിധേ!
ജയ സകല സദ്ഗുണമയ ജയ വിഗുണ വിമല ജയ
ജന്തുധർമ്മപ്രിയ ശ്രീപതേ ഗോപതേ
ജയഗിരിശനമിതപദജയ സകലതനുഭവന
ജന്തുവൃന്ദക്ഷേത്രവേദവേദാന്തഗ
ക്ഷിതിവിബുധജനഹൃദയനിലയന നമോസ്തുതേ
കീർത്തനദ്ധ്യാനമാത്യന്തികം ദേഹിമേ
ജയ വിജയ രഥനിലയ പരഗതിവരുത്തുവാൻ
ചെമ്മേ മുതിർന്നിതിനേതും മടിക്കൊലാ
വരികവരികയിസമരമരണഭയമില്ലമേ
വാസുദേവാ ജയിക്കെന്നിതു ഭീഷ്മരും
നിജസമയവചനമതിനന്തരംചെയ്കിലും
നിശ്ചയം ഭക്തസത്യത്തെ രക്ഷിക്കുമേ
അപടുതയൊടടൽനടുവിലിടരൊടു ധനഞ്ജയൻ
അച്യുതനോടു സത്യത്തെ രക്ഷിക്കെന്നാൻ
കെട്ടപടയൊടിടരൊടഴൽപൂണ്ടു കുന്തീസുതൻ
ഖേദിച്ചു കൈനിലപുക്കിരുന്നീടിനാൻ
ശമനസുതനമരവരതനയനൊടുചൊല്ലിനാൻ
ശാന്തനവാദികളെജ്ജയിപ്പാൻപണി

വയമവനിവരുവതിന്നു കൊതിയൊഴിക്കുകാനനാ
വാഴ്ക വസുദേവപുത്രനെന്താവത്തും
യുധിമരണമൊഴികവനമഴകനൊട്ടുപൂകനാം
യോഗംധരിച്ചു ഗതിവരുത്തീടുവാൻ
ഇതിശമനസുതവിവിധനയ വചനമാശു കേ
ട്ടിന്ദിരാവല്ലഭൻ താനുമരുൾചെയ്തു
അമരകുലവരവസുഗണാധിപന്മാരുടെ
അംശമായുത്ഭവിച്ചുണ്ടായ ഭീഷ്മരെ
അമരിലരുതസുരസുരനികരമൊരുമിക്കിലു
മാക്കുംജയിക്കരുതെന്നറി മന്നവ!
പരശുധരനരചർകുലമടയവെന്നീടുവോൻ
പണ്ടെതിത്തന്നു തോററാനറിഞ്ഞീലയോ
വിബുധനദിയുടെതനയനടിമലരിണയ്ക്കൽ നീ
വീഴ്ക യുധിഷ്ഠിര വേണം ജയമെങ്കിൽ
കരബലമൊടവനൊടെതിർപൊരുതു ജയമാക്കുമേ
കാലാത്മജാ! ലഭിപ്പാൻപണി ത്തേറുനീ
ത്രിപുരഹരസുരദിതിജ ജനവുമൊരുമിച്ചുടൻ
ധീരതയോടെതിത്താലും ജയം വരാ
ശരണമിഹ ചരണതലസരസിരുഹമെന്നിയേ
ശന്തനുജനച്ചെന്നു വന്ദിക്ക വൈകാതെ
മധുരതരമധുമഥനവചനമതുകേട്ടുടൻ
മഹിതഗുണഗണമുടയ പിതൃപതിജനാദരാൽ
സുഹൃദനുജസഹിതനടിമലരിണവണങ്ങിനാൻ
സുഹൃദധിപനമരനദിസുതനുമരുളിച്ചെയ്താൻ
നരകഹരദുരിതഹര മുരമഥനമധുമഥന
നാരദസേവിത നാരായണ ഹരേ

നിഗമമയനിഖിലജഗദവനഹൃദിസംഭവ!
നിഷ്കളനിർഗ്ഗുണ നിശ്ചല നിർമ്മല
നിരതിശയ നിരുപമ നിരഞ്ജന നിരാധാരാ!
നിത്യനിരാമയ നീരജലോചന
നിയമപരജനഹൃദയ നിലയന നമോസ്തുതേ
നീചജനാന്തക നീതിസ്ഥിതികര
നിഖില നിശിചരനിവഹശമന പരദൈവമേ
നീരദവർണ്ണ നിരുപമ നിർമ്മല
നിവസമമഹൃദി സതതമതിനു തൊഴുതീടിനേൻ
നീളാകുചാഭോഗമേളാഭരണമേ
നിജചരണനളിനനതജനസുഖപരായണ
നിത്യം നമോസ്തുതേ നിത്യം നമോസ്തുതേ
പിതൃപതിജ പവനസുത വിബുധപതിസുതനകുല
വീരശസ്ത്രാർത്ഥ സിദ്ധാന്ത സഹദേവ
വരിക വരികരികിലിനി വരുവതിനു കർമ്മമോ
വാസുദേവൻ നിയോഗിക്കിലേയുള്ളതേ
ഭവതുസുഖമപിചയുധിവരിക ഭവതാം ജയം
പാർത്ഥാദികളേ സുഖമല്ലിയെല്ലാക്കും
നിശിതമസിരഭസതരമിവിടെവരുവാനഹോ
സന്താപമേതാനുമുണ്ടാകയില്ലല്ലീ
നദിതനയനയവചനനിശമനദശാന്തരേ
നന്ദിച്ചജാതശത്രുക്ഷിതീശൻ ചൊന്നാൻ
ഗുരുനിവഹകരുണയൊടു കുരുകുലമൊടുക്കിഞാൻ
കൂടലർകാലനായ് നാടുവാണീടുവാൻ
കൊതിമനസിപെരുതു മമ തിരുമനമതിനിനി
കൂടെത്തുണയ്ക്കിലേ വന്നുകൂടു ദൃഢം

തരിക മമ വരമതിനു ശരണമരുണാംഘ്രിതേ
സന്തതമെന്നു കുന്തീസുതൻ ചൊല്ലിനാൻ
അലമലമിതതിനെള്ളതുകളകയിവിഷാദവും
ആശ്ശുനിങ്ങൾക്കു ജയംവരും നിർണ്ണയം
ശൃണുശമനതനയപുനരതിനൊരുപദേശവും
ശൂരനാമർജ്ജുനനാവതില്ലേതുമേ
ദ്രുപദനരവരതനയനായ ശിഖണ്ഡിയെ
തൂമയോടർജ്ജുനനെന്നോടെതിക്കുമ്പോൾ
പൊരുവതിനു മമ നികടഭുവിഝടുതിനിത്തുവിൽ
പോക്കളംതന്നിൽഞാൻ നാളെ വീണീടുവൻ
മമനിധനമതിനു വിധിവിഹിതമിതു നിർണ്ണയം
മാനിനിയാകിയോരംബാനിയോഗത്താൽ
ഭയമൊഴിക ഭവതു ഭവതാംജയം ഭാഗ്യവും
ഭാഗീരഥീസുതൻ പാർത്ഥനോടിങ്ങനെ
പരിചിനൊടു നിജനിധനമതിനൊരുനിദാനവും
നീതിയും ചൊല്ലിയനുഗ്രഹം നൾകിനാൻ
യമനിയമമുടയയമതനയനുമനന്തരം
യാദവവീരനെ വന്ദിച്ചു ചൊല്ലിനാൻ
പ്രണയതരഹൃദയമൊടു മരുവിന പിതാമഹൻ
പ്രാണൻ കളയാമോ ബാണങ്ങളെയ്തഹോ
ഫലമതിനു ദുരിതചയമരുതരുതു മാധവ!
പത്മനാഭാ ജഗന്നായക ചൊല്ലുനീ
ദുരിതഭവനരകമതിനില്ലടോ ധമ്മജ
തോന്നീല്ലയോ രാജധമ്മങ്ങളൊന്നുമേ
നൃപതികുലവിഹിത ബഹുവിധവിമലകമ്മവും
നീതിയും കൃഷ്ണനരുൾചെയ്തനന്തരം

വിദയമപിവിഭയമഥ വിജയമുഖഭൂപരും
വീറോടെതിൎത്തിതു പത്താംദിവസവും
കുരുനൃപതിസുതനഖിലബലപതി സുയോധനൻ
കൂടിയ സൈന്യവുമൊത്തൊരുമിച്ചുടൻ
കുരുകുലജനഖിലനരികൾകുലകാലനാം
ഗുണനിലയനായ ഭീഷ്മൎക്കു തുണച്ചിതു
പലരുമൊരുമയൊടുമഥ പാണ്ഡവന്മാർകളും
പാരമടുത്തു പൊരുതുതുടങ്ങിനാർ
പരശുശരപരിഘവരമുസലകുന്തങ്ങളും
പാൎത്ഥിവന്മാരസ്ത്രശസ്ത്രപ്രയോഗവും
പടുനിനദപടഹമുഖഝടഝടനിനാദവും
പാരിൽ കിളർന്നുപൊങ്ങീടുന്ന ധൂളിയും
കരിതുരഗരഥനികരബഹുവിധനിനാദവും
കാണികൾ കണ്ടുകൊണ്ടാടുന്ന നാദവും
കമലഭവ മുഖവിബുധജയ നിനാദവും
കാററടിക്കുംകൊടിക്കൂറകൾ നാദവും
രുധിരയുതപലലമതുഭക്ഷിച്ചു രാക്ഷസ-
രുച്ചത്തിൽനിന്നലറീടുന്ന നാദവും
പ്രേതഭൂതാദിപിശാചങ്ങളാൎത്തിട്ടു
പേടിയാകുംവണ്ണമുള്ള നിനാദവും
ത്രിദശവരദനുജകുലമുഖകുതുകനാദവും
സിംഹനാദങ്ങളും ഞാണൊലിനാദവും
തിറമൊടെതിരിടുമരിയരഥകൾഝണനാദവും
തേരുരുൾനാദവുമാനകൾ നാദവും
പരിഭവമൊടരിനികരമലറിന്നനിനാദവും
പാരംകുതിക്കും കുതിരകൾ നാദവും

തുമുലതരരണജനിത ഭയകരനിനാദവും
തുംബുരുനാരദഗീതപ്രയോഗവും
അമരവരതനയകരഗതദരനിനാദവു-
മംബരചാരികൾ വാദ്യനിനാദവും
കഠിനതരമനിലസുതനലറിന നിനാദവും
കംബുനാദങ്ങളും ദുന്ദുഭി നാദവും
കമലഭവതനയമുനിവീണാനിനാദവും
കമ്പംവരുമ്പടി വമ്പർ നിനാദവും
കമലജനുമറിയരുതു പുകഴവതിനോക്കിലോ
കൌരവ പാണ്ഡവ സൈന്യ കോലാഹലം
ഫണികൾകുലവരനമിതു പണിപെരുതു വാഴ്ത്തുവാ
ഭൈരവമെന്നേ പറയാവിതെത്രയും (ൻ
പൊരുതുപൊരുതരചരിതുപുറവുമമരകള്ള
ലകുപുക്ക വിമാനങ്ങൾതോറും മരുവിനാർ
അരുവയറൊടതിസുഖമൊടഴകിനൊടുമേവിനാ-
രാശ്ശു യുദ്ധത്തിൽ മരിക്കനിമിത്തമായ്
അയുതനരകരിതുരഗരഥികളെയൊടുക്കിനാ-
നന്ദിനമണഞ്ഞു പോർചെയ്തു ദേവവ്രതൻ
പുനരവനൊടരിമയൊടു പൊരുവതിനുപാർത്ഥനും
പോരിൽ ശിഖണ്ഡിയെ മുമ്പിൽ നിർത്തീടിനാൻ
ഉപരിചരവസുനൃപതിദുഹിതൃവരനന്ദന
നോത്താനൊരാണല്ല പെണ്ണുമല്ലാതവൻ
പൊരുവതിനുകരുതിയൊരുസമരഭുവിവന്നതോ
പോരാളികൾക്കുപൊരുന്നുകയില്ലേതും
പുകൾപെരിയപുരുഷമണിവിജയനൊടൊഴിഞ്ഞു
രാരും നപുംസകമായവൻതന്നോടു (പോ

പൊലിമയൊടു സമരഭുവി വിവിധമയമായുധം
പോരിന്നയയ്ക്കുരുതെന്നോർത്തു ഭീഷ്മരും
വിബുധപതിതനയനൊടു വിഗതഭയമാദരാൽ
വീറെഴമസ്ത്രങ്ങളൊക്കെ പ്രയോഗിച്ചാൻ
പ്രണയമകതളിരിൽ മുഹുരപി വളരുമാറുടൻ
പ്രത്യസ്ത്രമെയ്തു തട്ടത്തു കിരീടിയും
പ്രധനചതുരതകൾ കലരുമമരവരനന്ദനൻ
പ്രത്യക്ഷനാകിയ കൃഷ്ണൻ നിയോഗത്താൽ
അമിതകരബലമുടയ രഥികളവർ തങ്ങളി
ലസ്ത്രശസ്ത്രങ്ങൾ വരിഷിച്ചിട്ടത്തുടൻ
നിശിതതരവിശിഖഗണമുടനുടനയച്ചപോ
തത്തൽ പെട്ടത്തു രോമങ്ങൾ തോറും ദ്രുതം
പരനിവഹകുലശമനകരരിരുവരും തമ്മിൽ
പത്തുനൂറായിരമൊത്തുതുകീടിനാർ
പരവശതപെരുകിയൊരുപടയുമതു കണ്ടുടൻ
പററലർ പേടിച്ചകന്നിതു മററുള്ളോർ
ത്വരിതമതുപൊഴുതു കുരുകുലവരനു സന്നിധൌ
ദുശ്ശകുനങ്ങളു മേറെയുണ്ടായിതേ
തുമുലതരസമരഭുവി തദനു തിരദേവവ്രതൻ
ദുശ്ശാസനനോടു ചൊല്ലിനാനീവണ്ണം
അമരകുലവരസുതനുമമിതബലസംയുത-
മയ്യോ മറുതലവന്നു കുഴഞ്ഞിതു
നിരുപമമിതറികരണമതിഭയദമെത്രയും
നീയിതു കാൺക വലഞ്ഞിതു ഞാനെടോ
ദഹനകണസദൃശശരനികരപരിപാതേന
മദ്ദേഹമൊക്കവേ കാൺക മുറിഞ്ഞതും

മുടിയുമിടരൊട്ടമടലിലിനിയപടയൊക്കവേ
മോഹമിനിക്കിനിയില്ലജീവിക്കയിൽ
അസുരസുരസമരസമമിതു കരുതുമാകിൽ മ-
ററാഹവമിങ്ങനെ കണ്ടിട്ടുമില്ല ഞാൻ
അഹിതനൃപകുലവരരൊടെതിർപൊരുതു തോററു
ണ്ടാഹന്തകേട്ടിട്ടുമില്ല ഞാനീവണ്ണം (കൊ
പുനരിനിയുമൊരുമയൊടു മരുവുക പിണങ്ങാതെ
പോരിൽ മരിക്കാതിരിക്കണമെങ്കിലോ
പുകൾപെരിയ പിതൃപതിജനൃപവരനു സാദരം
ഭോഷന്മാരെ നിങ്ങൾ നാടുനൽകീടുവിൻ
ഹിതവചനമിതവിവിധതരമഥ പിതാമഹ
നിത്ഥം പറഞ്ഞുപറഞ്ഞിരിക്കെത്തദാ
കലഹമതിരഭസതരമരിമയൊടുചെയ്തുചെ-
യ്തസ്ത്രങ്ങൾകൊണ്ടുടൻ ഭൂമിയിൽ വീണതേ
വിവിധതരനിശിതതരമതുലമുടനേൽക്കയാൽ
വീണതുനേരമവനിയിൽത്തട്ടീല
കുരുവൃഷഭനുടനടചിൽ നൃപകുലവരോചിതം
ദേഹവുമാശു ശരശയനത്തിന്മേൽ
മുരമഥനചരണസരസിരുഹയുഗളം കണ്ടു
മോഹമകന്നു വസിച്ചിതു ഭീഷ്മരും
ദശദിവസ സമരമിതി മുനിവരനനുഗ്രഹാൽ
സഞ്ജയനിത്ഥം പറഞ്ഞോരനന്തരം
അഖിലബലകലഹമിതിസചിവവചനേനകേ
ട്ടഞ്ജസാ മോഹിച്ചുവീണു ധൃതരാഷ്ട്രർ
മുഹുരമിതകുതുകമൊടുധരണിപതിതന്നുടെ
മോഹവുംതീർത്തവൻ പിന്നെയും ചൊല്ലിനാൻ

ത്യജമനസി കല്മഷതകളഖിലമവനീപതേ
ദേഹമനിത്യമെന്നുള്ളതറിക നീ
അഖിലനൃപകുലവരരുമമിതബലസംയുതം
നിന്നുടെ മക്കളും കുന്തീതനയരും
തദനുനിജനിജമനസികലരുമുരുശോകേന
ധന്യരാം മററുള്ള ബന്ധുജനങ്ങളും
ജഗദധിപനജനമലനും മുനിവൃന്ദവും
ചെന്നിതു ഭീഷ്മരുടെ അരികത്തെങ്ങും
വടിവൊടുടനധിനികടമവരവർ കരഞ്ഞാശു
വന്നുനിറഞ്ഞോരു ബന്ധുക്കളെക്കണ്ടു
വിനയമൊടു കുരുവൃഷഭനതിരഥനനാകുലം
വിണ്ണോരിൽമുമ്പൻ വസുപ്രവരൻ ഭീഷ്മർ
നരകരിപുനളിനദലനയനനെയുമോർത്തുള്ളിൽ
നല്ലതെല്ലാവരോടും പറഞ്ഞീടിനാൻ
ശുഭവുമശുഭവുമപനയവുമറിവാനവൻ
ചൊല്ലിനാൻ പിന്നെയുമല്ലലോടെ തദാ
സഭയമഭിമുഖമമലതരവചനമൻപൊടു
താണുപോയോരു തലയുയർത്തീടുവാൻ
വിമലതരമതിമൃദുലമലിവൊടുസമുന്നതം
വേണമുപധാനമെന്നതു കേൾക്കയാൽ
കുമതികുരുകുലപതിസുയോധനൻ വൈകാതെ
പട്ടുതലയിണകൊണ്ടുചെന്നീടിനാൻ
പുനരമിതഹസിതമൊടുമൊന്നുചൊല്ലീടിനാൻ
പൊട്ടനത്രേ നീ സുയോധനാ നിർണ്ണയം
തുഹിനകരകുലജനനമിഹ വിഫലമേവതേ
തുഷ്ടിവരായിതുവെച്ചാലെനിക്കേതും

കരുണയൊടു വിബുധപതിതനയ വിരവൊടുനീ
കണ്ടുനില്ലാതെ തലയുയൎത്തീടെന്നാൻ
വിശദതരഹൃദയനഥ വിജയനതിശ്ശുരനാം
വൃന്ദാരകാധിപനന്ദനനൎജ്ജുനൻ
വനജദലനയനസഖിവാസവാദ്ദ്യന്മാരെ
വന്ദിച്ചു ഗാണ്ഡീവചാപമെടുത്തുടൻ
ചപലതരമചപലമെടുത്തുമൂന്നമ്പുകൊ
ണ്ടൂന്നംകൊടുത്തുയൎത്തീടിനാൻ മെല്ലവേ
പരശുധരമുനിവരനസദൃശനാം ഭീഷ്മരും
പാൎത്ഥനോടാശു ചിരിച്ചരുളിച്ചെയ്തു
ശമദമദയാദിനാനാഗുണവാരിധേ
ശാസ്ത്രങ്ങൾ നിന്നോളമാരുമറിഞ്ഞീല
സകലജനകുലവിഹിത വിവിധധൎമ്മങ്ങളും
ക്ഷത്രധൎമ്മങ്ങളും നിങ്കലും നിൎണ്ണയം
ബഹുലതരമിതി കഥകൾപറയുമളവാദരാൽ
വൈദ്ദ്യർകൾവന്നാർ ചികിത്സ ചെയ്തീടുവാൻ
അതിനവനുമവർകളെ വിലക്കിനാനാദരാ-
ലാണമയിൽവീരോചിതം പുരിപൂകണം
ശുഭമരണസമയമയനം തെളിഞ്ഞുത്തരം
ശോഭയിൽവന്നേ മരിക്കാവു നിൎണ്ണയം
അവരവർകളരികിലഴകൊടു രക്ഷിച്ചുകൊ-
ണ്ടാത്മശുദ്ധ്യാ വസിച്ചീടിനാരേവരും
വിജയമൊടു വിജയമുഖ യമതനയ സൈന്ന്യവും
വൃഷ്ണിപ്രവരരും പുക്കിതുകൈനില
വ്യഥയുമുരുഭയവുമപജൎമ്മവശതകളും
വീളാതവണ്ണംപരിഭവംവന്നതും

കരുതിയൊഴുകിന നയന സലിലമൊടു കൈനില
കൌരവസേനയും പുക്കിരുന്നീടിനാർ
ഉഷസിപുനരപരദിനമിരുപുറവുമുള്ളവ
രുററടുത്തീടിനാർ ശന്തനപുത്രനെ
തരുവിനിഹവിരവിനൊടു ജലമമലമാദരാൽ
ദാഹമുണ്ടേററമെന്നാൻ നദീനന്ദനൻ
വിമലതരസലിലമൊടു വിവിധതരഭക്ഷ്യവും
വേഗേന കൊണ്ടുചെന്നാൻ ദുരിയോധനൻ
വിഫലമിദമശുഭമരുതരുതു ദുരിയോധന
വീരവിജയ! വിരയെ നീർനൽകെന്നാൻ
പുനരവനുമഥ സദയമടിമലർ വണങ്ങിനാൻ
പോരാളിപാഞ്ജന്യമസ്ത്രം പ്രയോഗിച്ചാൻ
ഗഗനസരിദമലജലമഴകൊടുകൊടുത്തവൻ
ഗംഗാതനയനു ദാഹവുംപോക്കിനാൻ
പുകൾപെരിയ പുരുഷമണിനീയെ പുരന്ദര-
പുത്രഭുജബലമുള്ള ഭൂപാലകാ
സുചിരമവനിയിലധികസുഖമൊടു വസിക്ക നീ
സൂക്ഷിച്ചുകാൺകസുയോധന നീയിവ
വിരവിനൊടുമൊരുമയൊടുമരുവുക പിണങ്ങാതെ
വേണ്ടാ വിരുദ്ധം നശിക്കേ ഫലംവരു
അതിനുകുരുപതിയുമനുവാദമില്ലായ്കയാ-
ലങ്ങുമിങ്ങും പിരിഞ്ഞാശു വാങ്ങീടിനാർ
അഥ തരണിതനയനടിമലരിണ വണങ്ങിനാ
നമ്പോടു ഗംഗാതനയനും ചൊല്ലിനാൻ
തവ സഹജരറിക പൃഥയുടെ തനയരാകയാൽ
താപംകളഞ്ഞു നീയങ്ങുചെന്നീടെടോ

"കഥകളകതളിരിലിതുവിദിതമഖിലംമയാ
ഗാന്ധാരിപുത്രനെ വേറിട്ടന്നീല ഞാൻ
സമരഭുവി ജയമതിന്ന വരിക ശുഭമാശ്ശമേ
സന്താപനാശന! ശന്തനു നന്ദന!"
"ഭ്രമമറിക വരുവതിന്ന വിഷമമതു ഭാസ്കരേ
ഭ്രാതാക്കളേ വധംചെയ്കയും വേണ്ടീല
വേണമെന്നാകിൽ പൊരുതു വീര്യസ്വർഗ്ഗം
വീരാ വരിക്ക നിനക്കെന്നോതേവേണ്ട
തൊഴുതവനനുജ്ഞയുംവാങ്ങി വാങ്ങീടിനാൻ
ചൊല്ലുവാനാവതോ പിന്നോടമെന്നാലെ-
ന്നുല്ലാസമോടിരുന്നാരം നൽക്കിളിമകരം.

ടിപ്പണം.

ശുകതരുണിജനം-പൈങ്കിളിക്കൂട്ടം, അണിമകുടമാലിക-കിരീടത്തിന്നാലങ്കാരമായിട്ടുള്ള മാല (ശ്രേഷ്ഠമെന്നു സാരം), കൃഷ്ണലീലാമൃതം-കൃഷ്ണലീലയാകുന്ന അമൃതം. സുഖവിഭവം-സുഖാഭിവൃദ്ധി, ഇവി-ഇവിടെ, നഹി-ഇല്ല. മധു......ഗുളാദി-മധുരമുള്ളതും പഴുത്തു പാകംവന്നതുമായ വാഴപ്പഴങ്ങളും തേനും ശക്കരയും മററും. അമരപരിവൃഢൻ-ശ്രീകൃഷ്ണനെന്നു സാരം. അമരപതിസുതൻ-ദേവേന്ദ്രപുത്രൻ (അജ്ജ്ജുനൻ), ശാരിക-തത്ത, ഭുജഗപതി-അനന്തൻ (സപ്പ്രരാജൻ), ഭാരതായോധനം-ഭാരതയുദ്ധം, കുതുകം-സന്തോഷം, ക്രീഡുവൻ-ഞാൻപറയാം. അഘം-പാപം, അഖിലജഗദധിപതി-എല്ലാ ലോകങ്ങളുടെയും നാഥൻ. നണ്ണുകിൽ-വിചാരിച്ചാൽ (പഴയ പദം; കൃഷ്ണഗാഥയിൽ ധാരാളമായി പ്രയോഗിക്കപ്പെട്ടിട്ടുള്ള പദം) ഭവമരണഭയവിഹതി-സംസാരത്തിൽ നിന്നും മരണത്തിൽനിന്നുമുള്ള ഭയത്തിന്റെ നാശം. അജൻ-ജനിക്കാത്തവൻ (ജന്മമില്ലാത്തവൻ) അമൃതമയൻ-മോക്ഷസ്വരൂപൻ, അംബുജാക്ഷൻ-താമരപ്പൂപോലെ കണ്ണുകളുള്ളവൻ (വിഷ്ണു), അസുരവരൻ-അസുരശ്രേഷ്ഠൻ, അധികശഠർ ദുരാചാരമത്തന്മാർ, അവനിഭരം-ഭൂമിയുടെ ഭാരം, ആദിദേവൻ-ഒന്നാമത്തെദേവൻ (വിഷ്ണു) മുത്തൂത്താർ-ഏറ്റപ്പെട്ടത്തി, ആയോധനം-യുദ്ധം, കരി-ആന, തുരഗം-കുതിര, രഥനികരം-തേർക്കൂട്ടം, കൊററ്-ഭക്ഷണസാധനം, ആവാസശാല-പാപ്പിടം (പാളയം),

അരുമറകൾ-ഉൽകൃഷ്ടങ്ങളായ വേദങ്ങൾ, വകവകതി
രിച്ചവൻ-പ്രത്യേകം വിഭജിച്ചവൻ (വേദങ്ങളെ വിഭജി
ച്ചവൻ വേദവ്യാസൻ), ആയോധനോദ്യമം-യുദ്ധത്തി
നായിട്ടുള്ള ഒരുക്കം, വിഗതനയനൻ-കണ്ണില്ലാത്തവൻ
(ധൃതരാഷ്ട്രർ), രണം-യുദ്ധം, അടൽ-യുദ്ധം, സമരദരി
ശനം-യുദ്ധക്കാഴ്ച, നയനം-കണ്ണ്, മന്നവൻ-രാജാവ്,
നമു......രണം-നമുക്കു യുദ്ധവാർത്ത കേൾക്കണമെന്നല്ലാ
തെ കാണണമെന്നില്ല, ദിവ്യമാമീക്ഷണം-ദിവ്യദൃഷ്ടി,
മറകൾ-വേദങ്ങൾ, മറപ്പൊരുൾ-ഒളിവിൽ കിടക്കുന്ന
3. അർത്ഥങ്ങൾ, ചതുരൻ-സമർത്ഥൻ, കരബദരം-കൈ
യിൽ ഇരിക്കുന്ന ലന്തക്കുരു, അഖിലഭുവനമപി-എല്ലാ
ലോകവും, നിജസചിവൻ-തന്റെ മന്ത്രി, ലോകോത്ഭ
വം-ലോകത്തിന്റെ ഉല്പത്തി, സുര......മാം-ദേവന്മാർ,
മനുഷ്യർ, പക്ഷികൾ, പാമ്പുകൾ, മൃഗങ്ങൾ, പുല്ലുകൾ
തുടങ്ങിയുള്ള. കാലചക്രഭ്രമപ്രാപ്തി-കാലമാകുന്ന ചക്ര
ത്തിന്റെ ചുററ്. വിവിധ......ലീലയും-പലവിധത്തി
ൽ ശോഭിച്ചുകൊണ്ടിരിക്കുന്ന അധിപതിമാരുടെ യുദ്ധ
ലീലകൾ, സരി......മാണവും-നദികൾ, ഭൂമി, കാട്, പ
ർവ്വതം, സമുദ്രം ഇവയുടെ അളവ്. ത്രിഭുവനവിഭാഗം-
മൂന്നുലോകങ്ങളുടെയും അംശം, ദിഗ്വിശേഷങ്ങൾ-ദിക്കു
കളിലെ വിശേഷങ്ങൾ, ദിതിജവരർ-അസുരശ്രേഷ്ഠന്മാ
ർ, ദിതി അസുരമാതാവും അദിതി ദേവമാതാവുമാ
ണ്. അവനി-ഭൂമി, അവനിവരർ-രാജശ്രേഷ്ഠന്മാർ.
കശ്മലൻ-ദുഷ്ടൻ, മനസി-മനസിൽ, സന്തതം-എല്ലാ
യ്പോഴും, ഇതി-ഇപ്രകാരം, സരഭസം-വേഗത്തിൽ, ആ
ത്മജന്മാർ-പുത്രന്മാർ, പുതുമയൊടു-വിചിത്രമായ രീതി

യിൽ, പൂരുവംശോത്ഭവന്മാർ-പൂരുവിൻെറ വംശത്തിൽ ജനിച്ചവർ, പൂരു ചന്ദ്രവംശത്തിലെ അതിപ്രസിദ്ധനായ ഒരു രാജാവാണ്. മധുരതരമൃദ്ദലരസനിനദം-കേൾവിക്കു ഏററവും ഇമ്പമുള്ളതും നേർമ്മയുള്ളതുമായ ശബ്ദം. പെയ്തു-വർഷിച്ചു, കുംഭികൾ-ആനകൾ (കുംഭങ്ങൾ(മസ്തകങ്ങൾ)ഉള്ളവ. തുര......ധൂളിയും-ശ്രേഷ്ഠങ്ങളായ കുതിരകളുടെ കുളമ്പിൻക്കൂട്ടങ്ങൾ വയ്ക്കുന്നതിൽ നിന്നുണ്ടാകുന്ന പൊടി. അക്ഷൌഹിണി-1870 ആനയും 21870 തേരും 65610 കുതിരയും 109350 കാലാളും കൂടിയ സൈന്യം. ചമരി-വെൺചാമരം, രണേ-യുദ്ധത്തിൽ, പരശുധരമുനിവരൻ-പരശു(മഴു)ധരിച്ചിരിക്കുന്ന മുനി (പരശുരാമൻ), ഭരദ്വാജപുത്രൻ-ദ്രോണർ, കുരുനൃപതിവരൻ-കൗരവശ്രേഷ്ഠൻ (ദുര്യോധനൻ) നിശാചരവീരർ-നിശയി(രാത്രിയിൽ)ൽ സഞ്ചരിക്കുന്നവരിൽ ശ്രേഷ്ഠന്മാർ(രാക്ഷസന്മാർ), ഗുരുതനയൻ-ദ്രോണപുത്രൻ (അശ്വത്ഥാമാവ്), നരകരിപു-നരകാസുരൻെറ ശത്രു, അമരപതിതനയൻ-അമരപതിയുടെ (ദേവേന്ദ്രൻെറ)പുത്രൻ(അർജ്ജുനൻ), ചമ്മട്ടി-ചാട്ട, ധവ......രഥം-വെള്ളക്കുതിരകളെ പൂട്ടിയിട്ടുള്ള തേര്. ധന്വി-വില്ലാളി (ധനുഷ്മാൻ), പിതൃപതിജൻ-ധർമ്മപുത്രൻ. പവനസുതൻ-ഭീമൻ, അഭിമന്യു-അർജ്ജുനപുത്രൻ, പാടേ-മുഴുവൻ, പാരിഷദാദികൾ-പരിജനങ്ങൾ തുടങ്ങിയവർ, ശമനസുതൻ-ധർമ്മപുത്രൻ, ശന്തനുജർ-ഭീഷ്മർ, യുധി-യുദ്ധത്തിൽ, യമതനയൻ-ധർമ്മപുത്രർ, വിരവിനൊടു-വേഗത്തിൽ, വാനിൽ-സ്വർഗ്ഗത്തിൽ, സമരഭുവി-യുദ്ധക്കളത്തിൽ, മുതിർത്തും-ഒരുക്കിയതും, ഉഴറുക-പുറ

പ്പെട്ടക, ഗുരുകൃപ-വലിയദയ, ഗുരുകൃപജനം-ദ്രോണരും കൃപരും, നിൽക്കാംവിധൌ-നിൽക്കുമ്പോഴം, നിധനഭയം -മരണഭയം, രണശിരസിൽ-പടയുടെ മുമ്പിൽ, ചേണുററ-ശക്തിയുള്ള, വ്യൂഹം-യുദ്ധത്തിൽ സൈന്യങ്ങളെ ഓരോ മാതിരിയിൽ ഉറപ്പിച്ചു നിർത്തുന്ന സമ്പ്രദായം. പത്മവ്യൂഹം, ക്രൌഞ്ചവ്യൂഹം, മകരവ്യൂഹം, അസംഹതവ്യൂഹം, ഇങ്ങനെ പലമാതിരി വ്യൂഹങ്ങളേപ്പററി ഭാരതത്തിൽത്തന്നെ പറഞ്ഞുകാണുന്നുണ്ട്. ചെകിട്ടപട-ചെവിപൊട്ടത്തക്കവിധത്തിൽ, പടഹമുഖവാദ്യം-പടഹംതുടങ്ങിയുള്ള വാദ്യം, ഒലി-ശബ്ദം, കല......മതികൾ-കലഹരസംമൂത്തു വശംകെട്ട മനസ്സോടുകൂടിയവർ, കമലദളനയനൻ-താമരപ്പൂ പോലെയുള്ള കണ്ണുകളോടുകൂടിയവൻ (കൃഷ്ണൻ), വിജയൻ-അർജ്ജുനൻ, കാരുണ്യവാരിധി-ദയയ്ക്കു സമുദ്രമായുള്ളവൻ (വലിയ ദയാലു), കപടമതികൾ-വഞ്ചകന്മാർ, ഇലിയ-നിസ്സാരമായ, നിജ......ങ്ങളെ-തങ്ങളുടെ പുത്രന്മാർ ധനം, വീട്, ജീവിതം മുതലായവയെ. കലിതരണമരണം-പ്രശസ്തമായ യുദ്ധത്തിൽവച്ചുള്ള മരണം. സ്യന്ദനം-തേര്, മറുതലകൾ-ശത്രുക്കൾ, അച്യുതൻ-നാശരഹിതൻ, സുകൃ......രെയും-സ്നേഹിതന്മാർ, അനുജന്മാർ, ഗുരുക്കന്മാർ, പിതാമഹന്മാർ (മുത്തഛന്മാർ) ഇവരെയും. ത്രിദശവരതനയൻ-ദേവേന്ദ്രപുത്രൻ, വിട്ടതി-വിടത്തി (അകലെ), നിശിതതരവിശിഖഗണം-ഏററവുംകൂർച്ച്യുള്ള അമ്പുകളുടെ കൂട്ടം, ഗുരുവപുഷി-ഗുരുക്കന്മാരുടെ വപുസ്സിൽ (ശരീരത്തിൽ), അതിദുരിതം-അത്യധികമായ പാപം, കൂട്ടല്ല-ശരിയല്ല, ഫൽഗുനൻ-അർജ്ജുനൻ, അമരകുലവ

രൻ-ദേവകുലത്തിൽ ശ്രേഷ്ഠൻ (കൃഷ്ണൻ). ജഗ......ലീലയും-ലോകത്തിന്റെ ഉല്പത്തി പരിപാലനം, വിനാശം ഇങ്ങനെയുള്ള വളരെ കളികൾ, അലമലം-മതിമതി, കില്ല്-സംശയം, പാൎത്ഥിവന്മാർ-രാജാക്കന്മാർ, അദ്ധ്യാത്മം-ആത്മാവിനെ അധികരിച്ചുള്ളതു്, വിശ്വരൂപം-പ്രപഞ്ചമയമായരൂപം, ഭുജഗം-സൎപ്പം, ദനുജ......ന്തവും-അസുരന്മാർ ജന്തുക്കൾ തുടങ്ങിയുള്ളവ വളരെ ജീവികളുടെ സംഗതിയും, ചരണം-കാൽ, വദനം-മുഖം, കരമാലാ-കൈകളുടെ കൂട്ടം, അഭയം-ആശ്രയം, കുരുകുലജ-കുരുവംശത്തിൽ ജനിച്ചവനേ!, കുരു-(നീ)ചെയ്യുക, സമരം-യുദ്ധം, ആശു-വേഗത്തിൽ, കുണ്ഠൻ-അലസൻ, മധുമഥനൻ-കൃഷ്ണൻ,മായാപ്രഭാവം-അജ്ഞാനത്തിന്റെ ശക്തി, ഉഴറി-വേഗത്തിൽ, ഉപനിഷത്തു്-വേദവ്യാഖ്യാനം, അതിഭയദം-അത്യന്തം ഭയത്തെ കൊടുക്കുന്നതു്, അംബരം-ആകാശം, ശരയുഗളം-രണ്ടു ശരം. അശ്വം-കുതിര. നിജ......ചേതസാ-തങ്ങൾക്കു തുല്യങ്ങളായ ബലങ്ങളോടുകൂടിയ ജനങ്ങളുടെ ചേൎച്ചയുള്ള മനസ്സുകൊണ്ടു് (തുല്യബലം നോക്കിപ്പൊരുതു) ആലോകിതും-കാണുന്നതിനായിക്കൊണ്ടു്, ഗഗനം-ആകാശം, ഓഘം-കൂട്ടം, എതൃപൊരുതു-എതൃത്തു യുദ്ധംചെയ്തു, നാകനാരീജനം-ദേവസ്ത്രീകൾ, നരതുരഗതതി-മനുഷ്യരുടേയും കുതിരകളുടേയും കൂട്ടം, രുധിരം-രക്തം, ഖഗനിവഹം-പക്ഷിക്കൂട്ടം, പിശാചാളി-പിശാചുക്കളുടെ കൂട്ടം, വസുമതി-ഭൂമി, ഹസിക്ക-ചിരിക്കുക, ഘന......നിര-മേഘത്തിൽനിന്നു പൊഴിയുന്ന ജലത്തിനു തുല്യമായ ശരനിര, ഖഡ്ഗം-വാൾ, നിശി......ശർ-മൂൎച്ചയുള്ള അമ്പു

കളിൽനിന്നുള്ള ഭയംനിമിത്തം കറങ്ങിയവർ, കരവിഗ
ളദരികാഃ- കയ്യിൽനിന്നും പുറപ്പെടുന്ന ചക്രങ്ങൾ, അ
9. തിചതുരവരഷ്ണം-ഏററവും സമത്ഥവും ശ്രേഷ്ഠവുമായ
വില്ലിന്റെ ഞാൺ, ചാപങ്ങൾ-വില്ലുകൾ, ചപല-മി
ന്നൽ, തകും-വഹിക്കുന്ന, അസിലതകൾ-വള്ളിപോ
ലെ വളയുന്ന വാളുകൾ സാവജ്ഞം-അവജ്ഞയോടു
കൂടെ(ആക്ഷേപത്തോടുകൂടെ), ഏഹി-വന്നാലും, രണ
കരണനിപുണതരം-യുദ്ധംചെയ്യുന്നതിൽ ഏററവും സമ
ത്ഥമായവിധം, അപഃകരുണം-ദയകൂടാതെ. രേണുകാ
പുത്രശിഷ്യൻ-രേണുകാപുത്രന്റെ (ഭാൎഗ്ഗവന്റെ) ശിഷ്യ
ൻ (ദ്രോണർ), മധുമഥന വദന നളിനം-ശ്രീകൃഷ്ണ
ന്റെ മുഖമാകുന്ന താമരപ്പൂവ്. വികസിക്കുക-വിടരുക,
രണ......കൾ-യുദ്ധത്തിൽവച്ചു മരിക്കുന്നതിൽ ഭയമി
ല്ലാത്ത ബുദ്ധിയോടുകൂടിയവർ, നുതിക്ക-സ്തുതിക്ക, സമ
രഭുവി-യുദ്ധക്കളത്തിൽ, വിമുഖഭടർ-പിന്തിരിഞ്ഞ സൈ
ന്യങ്ങൾ, സംയുതകാമികൾ-യുദ്ധാശയുള്ളവർ, ദനുജ
സുമസമരം-ദേവാസുരയുദ്ധം.

ശന്തനുജൻ-ഭീഷ്മർ, നമിക്ക-കുനിയുക, കിമിതി
-എന്തെന്ന് (കിം+ഇതി), ബലൗഘം-സൈന്യക്കൂട്ടം,
കരികൾ-ആനകൾ, പവനസുതൻ-ഭീമൻ, ഇതം-ഹി
തം, പരിച്-വിധത്തിൽ, കടം-ആനയുടെ കവിൾത്ത
ടം, അടവ്-പ്രകാരം, ഘണ്ടാരവം-മണിനാദം, അരി
10 വാഹിനി-ശത്രുസൈന്യം, നദിമകൻ-ഗംഗാദത്തൻ (ഭീ
ഷ്മർ), മുൽപുക്ക്-മുൻപിൽവന്ന്, മദസലിലം-മദജ
ലം, ഒളിവ്-തേജസ്സ്, പകലറുതി-പകലിന്റെ അവ
സാനം. കൈനില-പട്ടാളപ്പാളയം, അപരദിനം-പിറേറ

ദിവസം, ഉഷസി-ഉഷസിൽ (പ്രഭാതത്തിൽ), കാലന്ത്യർ-കാലപൂരം, അദിതിസുതവരതനയൻ-അദിതിസുരവരൻെറ (ദേവേന്ദ്രൻെറ) പുത്രൻ (അർജ്ജുനൻ), കതിരവൻ-സൂൎയ്യൻ, ചരമഗിരി-അസ്തമനപവ്വതം, ദിവസപതി-സൂൎയ്യൻ, ഊക്ക്-ശക്തി, ജലദനിറം-ജലദത്തിൻെറ (മേഘത്തിൻെറ)നിറം, യദുകുലജൻ-യാദവകുലത്തിൽ ജനിച്ചവൻ, ജനാർദ്ദനൻ-ജനങ്ങളെ രക്ഷിക്കുന്നവൻ. ജനി......ജൻ-ജനനമരണഭയത്തെ ഇല്ലാതാക്കുന്ന കാലുകളോടുകൂടിയവൻ. ജംഗമാജംഗമാചാൎയ്യൻ-ഇളകുന്ന വസ്തുക്കളുടേയും ഇളകാത്ത വസ്തുക്കളുടേയും ആചാൎയ്യൻ (ഗുരു), ജഗന്മയൻ-ജഗത്സ്വരൂപൻ, അധിസിതതുരഗയുതരഥം-വളരെ വെളുത്ത കുതിരകളെ പൂട്ടിയിട്ടുള്ള രഥം. ആദിതേയാധിപപുത്രൻ-ദേവരാജാവിൻെറ പുത്രൻ, അതിരുഷാ-അത്യധികമായ കോപത്തോടെ, അമർഷം-വൈഷമ്യം, ഉരു-മഹത്ത്, മണ്ടുന്നു-ഓടുന്നു, ഉപരി......നായവൻ-ഉപരിചരൻെറ മകളുടെ (മത്സ്യഗന്ധിയുടെ) മകൻെറ (വ്യാസൻെറ)മകൻെറ (ധൃതരാഷ്ട്രരുടെ) മകനായവൻ (ദുര്യോധനൻ), കടുകി-ധൃതിപ്പെട്ട്. കടുതലർ-ശത്രുക്കൾ, അടൽകുരുതി-യുദ്ധംചെയ്തു, കൗന്തേയ സൈന്യം-കൗന്തേയന്മാരുടെ [കുന്തീപുത്രന്മാരായ പാണ്ഡവന്മാരുടെ സൈന്യം. ബലസഹജൻ-ബലഭദ്രസോദരൻ, കെട്ട്-നശിച്ച്, ത്രിജഗ......ന്തരേ-മൂന്നു ലോകങ്ങളുടേയും അധിരാജനായ ശ്രീകൃഷ്ണൻെറ വാക്കുകൾ കേട്ട അവസരത്തിൽ, ബാണം-അസ്ത്രം, ത്രിദശ...... യോഗം-ദേവേന്ദ്രപുത്രനാൽചെയ്യപ്പെട്ട ശരപ്രയോഗം, നദീസുതൻ-ഭീഷ്മർ, അമിതകരബലം-അതിരുകടന്ന

കൈയ്യുക്ക്, അമരവരതനയൻ-അർജ്ജുനൻ, അമരവ
രസഹജൻ-ശ്രീകൃഷ്ണൻ, കമല.....പുഷി-ശ്രീകൃഷ്ണ
ന്റെ മാർദ്ദവയുക്തമായ ശരീരത്തിൽ, വിഗതഭയം-ഭ
യംകൂടാതെ, അപരം-വേറൊന്ന്, അരിശം-കോപം,
സമരചതുരത-യുദ്ധസാമത്ഥ്യം, ചരതം-സൂക്ഷ്മം, ക്രൂര
2.13 മ്പ്-ക്രൂരത്ത അമ്പ്, രഘുപതി-ശ്രീരാമൻ, അമരരിപു-
ദേവശത്രു, ദശമുഖൻ-രാവണൻ (പത്തുമുഖമുള്ളവൻ)
തുമുല.....ഹൃദയം-ഭയങ്കരമായ ശബ്ദത്തോടു കൂടിയ
യുദ്ധത്താൽ രണിതമായ (അടിച്ചുകൊണ്ടിരിക്കുന്ന) ഹൃ
ദയത്തോടുകൂടുംവിധം, അദിതിവരതനയനന്ദനൻ-അദി
തിയുടെ ശ്രേഷ്ഠനായ പുത്രന്റെ പുത്രൻ (ദേവേന്ദ്രസൂനു)
ആലസ്യം-ബോധക്ഷയം, നിജസചിവനുടലിൽ-തന്റെ
മന്ത്രിയുടെ ശരീരത്തിൽ, അടർ-ദുഃഖം, അണയ-സമീ
പത്തിൽ, ദേവവ്രതൻ-ഭീഷ്മർ, കാളമേഘാഭിരാമാകൃ
തി-കാർമേഘംപോലെ മനോഹരമായ ആകൃതി, നളി
നഭവനമിതപദൻ-ബ്രഹ്മാവിനാൽ നമസ്കരിക്കപ്പെട്ട
പാദങ്ങളോടു കൂടിയവൻ, സലിലനിധിദുഹിതൃവരൻ-
സലിലനിധിയുടെ (സമുദ്രത്തിന്റെ) ദുഹിതാവിന്റെ
(പുത്രിയുടെ, ലക്ഷ്മിയുടെ) വരൻ (ഭർത്താവ്), സകലജ
ഗദവനപരൻ-എല്ലാ ലോകങ്ങളേയും പാലിക്കുന്നതിൽ
ശ്രദ്ധയോടുകൂടിയവൻ, നിഗമമയസദനൻ-വേദങ്ങളാ
കുന്ന ഗൃഹത്തോടുകൂടിയവൻ, വിധുവദനൻ-ചന്ദ്രമുഖ
ൻ, മനസി-മനസ്സിൽ, നിയതം-നിശ്ചയം, അഭിലഷി
തം-ആഗ്രഹം, പാർത്ഥൻ-അർജ്ജുനൻ, മാനസേ-മാ
2:14 നസത്തിൽ, ഖരകിരണൻ-സൂര്യൻ, ദ്രുപദസുതൻ-ധൃ
ഷ്ടദ്യുമ്നൻ, വ്യഥ-സങ്കടം, ഘടമുടയ-മസ്തകം തകരത്ത

ക്കവിധം, പററലർ-ശത്രുക്കൾ, അവരജന്മാർ-സഹോദ
രർ, ക്രൂററൻ-കാള, കൊട്ടമ-ക്രൂരത, കുരുനൃപതിസഹ
ജന്മാർ-ദുര്യോധനസഹോദരന്മാർ, നര......രഥികരി
മനുഷ്യർ, കുതിരകൾ, സാരഥികൾ ഇവർ, ശിതശരനി
രകൾ-മൂച്ചയുള്ള അമ്പുകളുടെ കൂട്ടങ്ങൾ, മുസലധരക
രികൾ-ഇരുമ്പുലക്കകൾ പിടിച്ചുനില്ക്കുന്ന ആനകൾ,
പട്ട്-നശിച്ചു്, സുഹൃദ......തനയൻ-സ്നേഹിതന്മാരോ
ടും അനുജന്മാരോടും കൂടിയ ധർമ്മപുത്രൻ. മറഞ്ഞാറെ
-മറഞ്ഞശേഷം. അപജയം-തോൽവി. ആത്തൻ-
ദുഃഖിതൻ. സകലജഗദവനകരൻ-എല്ലാ ലോകങ്ങൾ
ക്കും രക്ഷയെ ചെയ്യുന്നവൻ. അവനിഭരനാശനൻ-ഭൂ
ഭാരത്തെ നശിപ്പിച്ചവൻ. നിർണ്ണയം-നിശ്ചയം. അ
ഖിലജനഹൃദി-എല്ലാജനങ്ങളുടേയും ഹൃദയത്തിൽ. വാ
സുദേവൻ-വസുദേവരുടെ പുത്രൻ (കൃഷ്ണൻ). അനുന
യം-ആശ്വാസം (സാവധാനവാക്കുകൾകൊണ്ടു സന്തോ
ഷിപ്പിച്ചു വശത്താക്കുക). അശുഭ ശുഭം-നന്മതിന്മ
വരനിവഹശമനകരൻ-ശത്രുസംഘത്തെ നശിപ്പിക്കുന്ന
വൻ. ഭീഷ്മരേ-ഭീഷ്മരുടെ നേക്ക്. പ്രത്യസ്ത്രം-എ
തിരമ്പു്. ആത്മജന്മാർ-പുത്രന്മാർ. അധികരഥൻ-
അധികം രഥമുള്ളവൻ. കാലരാജ്യം-യമരാജ്യം. അ
രുണനൻ-സൂര്യൻ. അലകടൽ-തിരമാലകളോടുകൂടിയസ
മുദ്രം. കൃതികൾ-സമർത്ഥന്മാർ. മികവ്-അത്യധികം.
കൃതി.....കൃഷ്ണനും-വിദ്വാന്മാരുടെ ഹൃദയത്തിൽ സദാ
വസിക്കുന്നവനും എല്ലാ ലോകത്തിൻെറയും നാഥനുമാ
യ കൃഷ്ണനും. ദ്രുപദ.....രഥികൽ-ദ്രുപദരാജാവി
ൻെറ പുത്രിയായ പാഞ്ചാലിയുടെ ഭർത്താവായ അർജ്ജുന

ൻ, കേകയൻ, ദ്രുപദൻ മുതലായ മഹാരഥന്മാർ. അധിനികടം-സമീപത്തിൽ. ഒഴിച്ചുവാങ്ങുക-ഒഴിഞ്ഞുമാറുക (പിന്മാറുക). ഇടർ-ദുഃഖം. അനിലസുതഭീതി-ഭീമനെക്കുറിച്ചുള്ള ഭീതി. വജ്റധരാത്മജൻ-വജ്റം ധരിച്ചിരിക്കുന്നവൻെറ [ദേവേന്ദ്രൻെറ) പുത്രൻ (അൎജ്ജുനൻ). സലിലധരനികരം-മേഘങ്ങളുടെ കൂട്ടം. സായകപാങ്ക്തി-അമ്പുകളുടെ നിര. ഉദരം-വയറു്. ഗളം-കഴുത്തു്. ചരണം-കാലു്. ഊക്കുന്ന-വമിക്കുന്ന (പ്രവഹിക്കുന്ന) രഥനിരകാ-തേരാളികളുടെ കൂട്ടം. രൂക്ഷത-ധൃഷ്ടത. തുംബുരുസാകം-തുംബുരുവിനോടുകൂടെ. കലശ......ഗണം-കലശഭവൻെറ ഏററവും മൂൎച്ചയുള്ള അസ്ത്രങ്ങളുടെ കൂട്ടം. ഭഗ്നമായ്വന്നു-മുറിഞ്ഞുപോയി. ശര......താതൻ-ശരങ്ങൾകൊണ്ടു മുറിഞ്ഞുവീണ രഥാശങ്ങളോടുകൂടിയ പിതാവു്. ശമനപുരി-കാലപുരി. നിലയനം-ഗൃഹം. സഭയതരഹൃദയം-ഏററവുംഭയത്തോടുകൂടിയ ഹൃദയം. സവ്യസാചി-അൎജ്ജുനൻ (രണ്ടുകൈകൊണ്ടും അസ്ത്രം പ്രയോഗിക്കുന്നവൻ). മഹിതഗുണം-പൂജനീയഗുണം. അസുരസുരസമരസമം-ദേവാസുരയുദ്ധതുല്യം. ഹരിസഹിതൻ-ഹരിയോടു(കൃഷ്ണനോടു)കൂടിയവൻ, ഹരിഹയജൻ-ഹരിഹയങ്കൽനിന്നു ജനിച്ചവൻ. ഹരിഹയൻ-ദേവേന്ദ്രപുത്രൻ(അൎജ്ജുനൻ). ശോകിക്കുക-ദുഃഖിക്കുക. നിശിചരരിലരചൻ-രാക്ഷസരാജൻ. വിബുധപതിസുതതനയൻ-വിബുധപതിയുടെ (ദേവേന്ദ്രൻെറ) സുതൻെറ (അൎജ്ജുനൻെറ) തനയൻ (ഇരാവാൻ). വിത്രസ്തൻ-ഭയപ്പെട്ടു വിറച്ചവൻ. അംബരം-ആകാശം. ആശീവിഷങ്ങൾ-സൎപ്പങ്ങൾ, വിഷണ്ണൻ-വിഷാദിച്ചവൻ. പവനസുതതനയൻ-പവനസുതൻെറ

(ഭീമന്റെ) പുത്രൻ (ഘടോൽകചൻ). പവനസമവേഗേന-കാററിന്നുതുല്യമായവേഗത്തോടുകൂടി. പററലർ-ശത്രുക്കൾ. ഭ്രമണകരവരിഘം-ചുഴററിക്കൊണ്ടിരിക്കുന്നഇരുമ്പുലക്കയോടെ. പെട്ടപെടെ-ഉച്ചത്തിൽ (പൊട്ടിപ്പൊട്ടി). ഇന്ദ്രാത്മജാഗ്രജൻ-ഭീമൻ. ഒരുമ-യോജിപ്പ്. ഏകിനാൻ-കൊടുത്തു (പറഞ്ഞു). ധനഞ്ജയൻ-അർജ്ജുനൻ. ഉരുഭയം-വർദ്ധിച്ച ഭയം. പിതുരധികൻ-പിതാവിനേക്കാൾ ബലവീര്യപരാക്രമമുള്ളവൻ (പിതുഃ+അധികൻ). സൗഭദ്രൻ-സുഭദ്രാപുത്രൻ (അഭിമന്യു). ഗുരുസദൃശൻ-ബൃഹസ്പതിതുല്യൻ, കുംഭികൾ-ആനകൾ. വൃകോദരൻ-ഭീമൻ. വിഗതഭയം-ഭയംകൂടാതെ. സലിലധരം-വെള്ളത്തെ ധരിച്ചിരിക്കുന്നതു് (മേഘം) അടമഴ ഇടവിടാതെയുള്ള മഴ. ചെറുതു്-അല്പം. നരൻ-അർജ്ജുനൻ ധനഞ്ജയൻ-ദിഗ്വിജയംചെയ്തു അനവധിധനം കൊണ്ടുവന്നവൻ. ധനുരനന്തരം-ധനുഃ+അനന്തരം. ധനുസ്സ്-വില്ലു്. ശര.. ...ശരീരൻ-ശരങ്ങൾവന്നുകൊണ്ടു നുറുങ്ങിപ്പോയ ശരീരത്തോടുകൂടിയവൻ. ഇടർ-സങ്കടം. രഥമപി-രഥവും (രഥ+അപി) കമലഭവസദനൻ-കമലഭവനു് (ബ്രഹ്മാവിനു) സദനമായി(വീട്)ട്ടുള്ളവൻ. ജാഗ്രൽഭ്രമപ്രദൻ-ഉണർവ്വിനേയും ഭ്രമത്തേയും കൊടുക്കുന്നവൻ. പ്രാണിജീവാത്മകൻ-ജന്തുക്കൾക്കു ജീവാത്മാവായിട്ടുള്ളവൻ. കമലാവരൻ-കമലയുടെ (ലക്ഷ്മിയുടെ) വരനായിട്ടുള്ളവൻ. ജാഡ്യപ്രണാശനൻ-ജാഡ്യത്തെ (ജഡതയെ-ആലസ്യതയെ) നശിപ്പിക്കുന്നവൻ. ത്രാഹിമാം-എന്നെ രക്ഷിച്ചാലും. (മാം-എന്നെ, ത്രാഹി-(നീ) രക്ഷിക്കുക) വിബുധമുനി

നമിതൻ-ദേവർഷിയാൽ നമസ്കരിക്കപ്പെട്ടവൻ. ഗിരിശനതചരണൻ-ശിവനാൽ നമസ്കരിക്കപ്പെട്ട പാദങ്ങളോടുകൂടിയവൻ, സകലതനുഭവനൻ-എല്ലാത്തിൻേറയും ശരീരമാകുന്ന ഭവനത്തോടുകൂടിയവൻ. ജന്തുവൃന്ദക്ഷേത്രൻ-ജന്തുക്കൂട്ടങ്ങൾക്കു ക്ഷേത്രം (ആവാസഭൂമി) ആയുള്ളവൻ. വേദവേദാന്തഗൻ-വേദംകൊണ്ടും വേദാന്തംകൊണ്ടും അറിയപ്പെടാവുന്നവൻ. സമയം-സത്യം (പ്രതിജ്ഞ) അന്തരം-വ്യത്യാസം. അപടുത-അസാമർത്ഥ്യം കെട്ടപട-കെട്ട (നശിച്ച) സൈന്യം. ശാന്തനവാദികൾ-ശാന്തനവൻ(ശന്തനുവിൻെറ പുത്രനായ ഭീഷ്മർ) തുടങ്ങിയുള്ളവർ പണി-പ്രയാസം. വയം-നാം. അവനിവരുവതിനു-രാജ്യലബ്ധിക്ക്. പൂക-പ്രാപിക്ക (പ്രവേശിക്ക). വിവിധമയവചനം-പലവിധത്തിലുള്ള വാക്ക്. ഇന്ദിരാവല്ലഭൻ-ഇന്ദ്രയുടെ (ലക്ഷ്മിയുടെ) ഭർത്താവ്. അമരിൽ-യുദ്ധത്തിൽ. അറി അറിയുക. പരശ്ശുധരൻ-പരശ്ശുരാമൻ. അടയ-ആസകലം (എല്ലാം). വിബുധനദി-ഗംഗാ. അടിമലരിണയ്ക്കൽ-കാലിണയിൽ. തേറൂ-മനസ്സിലാക്കുക. ത്രിപുരഹര......നവും-ശിവനും, ദേവന്മാരും, അസുരജനങ്ങളും. സരസിരുഹം-താമര (സരസിൽമുളക്കുന്നതു്). സുഹൃദധിപൻ-സ്നേഹിതന്മാരുടെ അധിപൻ. മമ-എൻെറ. ഹൃദി-ഹൃദയത്തിൽ. നിവസ-(നീ)വസിച്ചാലു (പറഞ്ഞാലും). നിജ......പരായണ-തൻെറ പാദകമലങ്ങളിൽ നമിക്കപ്പെടുന്ന ജനങ്ങൾക്കു സുഖത്തെ കൊടുക്കുന്നവൻ. തെ-നിനക്ക്. നമഃ-നമസ്ക്കാരം. അസ്തു-ഭവിക്കട്ടെ. സുഖംഭവതു-സുഖമുണ്ടാകട്ടെ. അപിച-എന്നുമാത്രമല്ല. യുധി-യുദ്ധ

ത്തിൽ. ഭവതാം-ഭവാന്മാക്ക്. ജയംവരിക-ജയംവരട്ടെ. സുഖമല്ലി-സുഖമല്ലയോ. നിശി-രാത്രി. തമസി-തമസ്സിൽ (ഇരുട്ടിൽ). രഭസതരം-വളരെ വേഗത്തിൽ. അജാതശത്രുക്ഷിതീശൻ-ധർമ്മപുത്രർ(യാതൊരു ശത്രുക്കളും ഇല്ലാത്ത രാജാവാണല്ലൊ യുധിഷ്ഠിരൻ). ക്രൂടലർകാലൻ-ശത്രുക്കൾക്കുകാലൻ. ശരണം-ആശ്രയം. അരുണാംഘ്രി-ചുവന്നപാദം. തെ-അങ്ങയുടെ. ശൃണു-(നീ)കേൾക്കുക. ത്രാമ-സാമർത്ഥ്യം. നികടഭുവി-സമീപപ്രദേശത്തിൽ. വിധിവിഹിതം-ബ്രഹ്മകല്പിതം. ഭവതാം ജയം ഭാഗ്യവും ഭഗവത്തു ഭവാന്മാക്കു ജയവും ഭാഗ്യവും ഭവിക്കട്ടെ. ഭാഗീരഥി-ഗംഗ. നിജ നിധനം-തന്റെ വധം. യാദവ വീരൻ-യാദവന്മാരിൽ വീരനായുള്ളവൻ (കൃഷ്ണൻ.) പ്രണയ തര ഹൃദയം-ഏററവും സ്നേഹ സംയുക്തമായ ഹൃദയം. ദുരിതചയം-പാപക്കൂട്ടം. ദുരിത ഭവ നരകം-പാപത്തിൽ നിന്നുണ്ടാകുന്ന നരകം. വിദയം-ദയ കൂടാതെ. വിഭയം-ഭയം കൂടാതെ. വിജയമുഖ ഭൂപർ-അർജ്ജുനൻ തുടങ്ങിയുള്ള രാജാക്കന്മാർ. വീര്-ശക്തി (കോപം) പരുഷം-മഴ. അസ്ത്രം-അമ്പ്. ശസ്ത്രം-ആയുധം. പടു-അത്യുച്ചത്തിലുള്ള (പേടിക്കത്തക്കവിധത്തിലുള്ള). പടു......ദവും-ഭയങ്കരശബ്ദത്തോടുകൂടിയ പടഹം തുടങ്ങിയുള്ള വാദ്യങ്ങളുടെ ഝടഝടാശബ്ദവും. ധൂളി-പൊടി. കമല......ദവും-ബ്രഹ്മാവു തുടങ്ങിയുള്ള ദേവന്മാരുടെ ജയജയശബ്ദവും. രുധിരയുതപലലം-രക്തത്തോടുകൂടിയ മാംസം, തിരം-സാമർത്ഥ്യം, തുമുല......ദവും-ശബ്ദകോലാഹലങ്ങളോടുകൂടിയ യുദ്ധത്തിൽനിന്നു ജ

നിക്കുന്ന ഭയങ്കര ശബ്ദവും, ദരം-ശംഖം, കംബു-ശംഖം, പുകഴുവതിന്ന്-പുകഴ്ത്താൻ (വർണ്ണിക്കാൻ), ഫണികൾക്കലവരൻ-സർപ്പകുലത്തിൽ ശ്രേഷ്ഠൻ)അനന്തൻ), ഭൈരവം-ഭയങ്കരം, അരുവയർ-സുന്ദരികൾ (ദേവസ്ത്രീകൾ) കൃശോദരി എന്നും അർത്ഥം കല്പിക്കാറുണ്ട്. അയുതം-പതിനായിരം. അനുദിനം-ദിവസംതോറും പൊരുന്നുകയില്ല-യോജിക്കയില്ല. പൊലിമ-അഭിവൃദ്ധി, മുഹുരപി-പിന്നേയും, പ്രഥനചതുരത-കൊലയിലുള്ള സമർത്ഥ്യം. മറുതല-എതിർവശത്ത്. ദഹന......തേന-തീപ്പൊരികൾക്കു തുല്യങ്ങളായ ശരക്കൂട്ടങ്ങളുടെ വീഴ്ചകൊണ്ട്. ഇനിയ-നല്ലതായ. മോഹം-ആഗ്രഹം, ആഹവം-യുദ്ധം, അഹിതനൃപകുലവരൻ-ശത്രുരാജശ്രേഷ്ഠന്മാർ, ആഹന്ത-കഷ്ടംകഷ്ടം, പിതൃപതിജ നൃപവരൻ-ധർമ്മരാജ പുത്രനായ രാജശ്രേഷ്ഠൻ (ധർമ്മജൻ), മോഹം-അജ്ഞാനം, ദശദിവസസമരം-പത്തുദിവസത്തെ യുദ്ധം, അഖിലബലകലഹം-എല്ലാ സൈന്യങ്ങളുടേയും കലഹം (യുദ്ധം), സചിവവചനേന-മന്ത്രിവാക്കുകൊണ്ട്, അഞ്ജസാ-പെട്ടെന്ന്; മോഹിച്ച്-ബോധരഹിതനായി, മുഹുഃ-പിന്നെയും, അമിതകുതുകം-വർദ്ധിച്ച സന്തോഷം, മോഹം-മോഹാലസ്യം, ത്യജ-(നീ)ഉപേക്ഷിക്കുക, മനസി-മനസ്സിൽ, കലുഷത-കാലുഷ്യം (ദോഷവിചാരം, മൂഢത), അമിതബലസംയുത-വർദ്ധിച്ച സൈന്യങ്ങളോടുകൂടെ, തദനു-അതിന്റെശേഷം, ഉരുശോകം-മഹത്തായ ദുഃഖം, അധിനികടം-സമീപത്തിൽ, അതിരഥൻ-സാരഥിമരിച്ചാലും തനിയെ തേർതെളിച്ചുകൊണ്ടു യുദ്ധംചെയ്യുന്ന വി

ല്ലാളി, വിണ്ണോർ-ദേവന്മാർ, ഉപധാനം-തലയിണ, കുമതി-ദുർബ്ബുദ്ധി, അമിതഹസിതം-വല്ധിച്ച മന്ദഹാസം, തുഹിനകരകുലജനനം-തുഹിനകര(ചന്ദ്ര)കുലത്തിലെ ജനനം, വിഫലം-ഫലമില്ലാത്തതു് (ചന്ദ്രവംശത്തിൽ നീ ജനിച്ചതുകൊണ്ടു യാതൊരു ഫലവും ഉണ്ടായിട്ടില്ല), വിശദതരഹൃദയൻ-മനോവിശാലതയോടുകൂടിയവൻ, വൃന്ദാരകാധിപനന്ദനൻ-വൃന്ദാരകാധിപൻെറ(ഇന്ദ്രൻെറ) നന്ദനൻ (പുത്രൻ), വനജദളനയനസഖി-വനജദളനയനൻെറ (താമരപ്പൂപോലെ കണ്ണുള്ളവൻെറ (കൃഷ്ണൻെറ) സഖാവു് (അജ്ജുനൻ), വാസവാദ്യന്മാർ-ദേവേന്ദ്രൻ തുടങ്ങിയുള്ളവർ, ഗാണ്ഡീവചാപം-ഗാണ്ഡീവമെന്ന വില്ലു് (അജ്ജുനന്നു അഗ്നിയാൽ ദത്തമായ വില്ലാണിതു്, ഇതിൻെറ പേരാണു ഗാണ്ഡീവമെന്നുള്ളതു്), സകലജന......ങ്ങളും-എല്ലാ ജനങ്ങൾക്കും എല്ലാ കുലങ്ങൾക്കും വിഹിതങ്ങളായധമ്മങ്ങളും, വൈദ്യകൾ-വൈദ്യന്മാർ, (അമരകൾ എന്നുള്ള പ്രയോഗം കാണ്ക), ആണമ-ആണത്തം(പൗരുഷം), വരോചിതപുരികണം-വീരസ്വഗ്ഗം പ്രാപിക്കണം, ഉത്തരം അയനാ-ഉത്തരായനം (സൂയ്യൻ ഭൂമദ്ധ്യരേഖയിൽനിന്നു ഉത്തരധ്രുവത്തോടു അടുത്തു സഞ്ചരിക്കുന്ന കാലം ഉത്തരായണകാലമായിട്ടാണു കരുതിപ്പോരുന്നതു്), വൃഷ്ണിപ്രവരർ-യാദവശ്രേഷ്ഠർ, വ്യഥ-ദുഃഖം, അപജയം-തോൽവി, വീളാതവണ്ണം-ഒരിക്കലും വീടാതെ ഇരിക്കത്തക്കവിധത്തിൽ (പകരംവീട്ടാൻ പാടില്ലാത്തവിധത്തിൽ), പരാഭവം-തോൽവി, ഉഷസി-ഉഷസ്സിൽ [പ്രഭാതത്തിൽ], അപരദിനം-പിറേറദിവസം, വരയെ-വേഗ

ത്തിൽ, പാർജ്ജന്യം-പാർജ്ജന്യദേവതാകമായ അസ്ത്രം [ഇന്ദ്രൻ മഴപെയ്യിക്കുന്ന ദേവതയെന്നു പൗരാണിക സമ്മതം], ഗഗനസരിദമലജലം-ആകാശഗംഗയിലെ പരിശുദ്ധമായ വെള്ളം, വിരുദ്ധം-വിരോധം, വങ്ങി-പുറകോട്ടു നീങ്ങി, തരണിതനയൻ-തരണിയുടെ [സൂര്യന്റെ] പുത്രൻ [കർണ്ണൻ], പൃഥി-കുന്തി, വിദിതം-അറിയപ്പെട്ടതു്, മയാ-എന്നാൽ, മയാവിദിതം-എന്നാൽ അറിയപ്പെട്ടിട്ടുള്ളതാണു് [സകല ചരിത്രങ്ങളും ഞാൻ അറിഞ്ഞിരിക്കുന്നു എന്നു സാരം. ഗാന്ധാരീപുത്രൻ-ദുര്യോധനൻ.

ശുഭം

X1
J. 8

SRI MAHA BHARATHAM

BHISHMA PARVAM.

With Introduction and Notes.

PUBLISHERS,

M. S. Book Depot, Kottayam.

Travancore.

1937

Indic Digital Archive Foundation

gpura.org